23
2026
ഒക്ടോബർ
വെള്ളി
തുലാം 06

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 196 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-196 | പേജ് 4. വില 2.00 രൂപ




02 ഗ്ലെൻ ഫിലിപ്സ് തകർത്തടിച്ചു; ഇന്ത്യക്ക് കൂറ്റൻ വിജയലക്ഷ്യം

03 ഉദ്ഘാടന ചടങ്ങിനിടെ വഴുതിവീണ് എം. എ. റസാഖ് മാസ്റ്റർ എംഎൽഎയ്ക്ക് പരിക്ക്

04 അഞ്ചുദിവസം മഴ കനക്കും; എല്ലാ ജില്ലകളിലും മുന്നറിയിപ്പ്

# സംസ്ഥാനത്ത് ലേബർ കോഡ് നടപ്പാക്കാൻ പ്രത്യേക സമിതി

## 10 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കും



ലേബർ കോഡ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി പരിശോധിച്ച് ആവശ്യമായ നിർദേശം സമർപ്പിക്കുന്നതിന് തൊഴിലാളി യൂണിയൻ പ്രതിനിധികൾ ഉൾപ്പെട്ട സമിതി രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചു. മുഖ്യമന്ത്രി വി.ഡി. സതീശന്റെ അധ്യക്ഷതയിൽ സെക്രട്ടറിയേറ്റിൽ നടന്ന യോഗത്തിലാണ് തീരുമാനം. തൊഴിൽ വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ 22 ട്രേഡ് യൂണിയൻ ഭാരവാഹികൾ പങ്കെടുത്തു.

ലേബർ കോഡിന്റെ അനുബന്ധമായി സംസ്ഥാന ചട്ടങ്ങൾ രൂപകരിക്കുന്നതിലേക്ക് ആവശ്യമായ പ്രായോഗിക നിർദേശം സമർപ്പിക്കുകയാണ് കമ്മിറ്റിയുടെ ചുമതല. തൊഴിൽ വകുപ്പ് സെക്രട്ടറി കൺവീനറായും നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി അംഗമായും പ്രവർത്തിക്കുന്ന കമ്മിറ്റിയിൽ വിവിധ തൊഴിലാളി യൂണിയനുകളിൽനിന്നുള്ള ഏഴ് പ്രതിനിധികളും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരും ഉണ്ടാകും. സമിതി രൂപീകരിച്ച് 10 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം.

എല്ലാ വിഭാഗങ്ങളുടെയും അഭിപ്രായങ്ങൾ കേൾക്കുകയും നിയമപരമായവ പരിഗണിക്കുകയും ചെയ്തശേഷം മാത്രമേ ലേബർ കോഡ് നടപ്പാക്കുന്ന കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുകയുള്ളൂവെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ യോഗത്തിൽ വ്യക്തമാക്കി. നിയമപരമായ പരിധിക്കുള്ളിൽനിന്ന് കൊണ്ട് ലേബർ കോഡിന്റെ ആഘാതം കുറച്ച് തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന നടപടികൾ സ്വീകരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കേരളം രൂപീകരിക്കുന്ന ലേബർ ചട്ടങ്ങൾ രാജ്യത്തിന് മാതൃകയാകണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.ലേബർ കോഡിൽ തൊഴിലാളികളുടെ പരിധി നിർണയിച്ചിരിക്കുന്നതുമായി ബന്ധപ്പെട്ട ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തും. പരിധി കുറയ്ക്കണമെന്ന ആവശ്യവും കേന്ദ്രത്തിനു മുന്നിൽ ഉന്നയിക്കാൻ തീരുമാനിച്ചു. തൊഴിലാളികളുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും മുഖ്യമന്ത്രി ഉറപ്പു നൽകി.

ലേബർ കോഡ് നടപ്പാക്കുന്നതിന്റെ പ്രാധാന്യവും അദ്ദേഹം വിശദീകരിച്ചു. 2021ൽ തയ്യാറാക്കിയ ഡ്രാഫ്റ്റിൽ ആവശ്യമായ ഭേദഗതി നിർദേശിക്കുന്നതിന് തൊഴിലാളി യൂണിയനുകൾക്ക് അവസരം നൽകും. പ്രത്യേക കമ്മിറ്റി തയ്യാറാക്കുന്ന കരട് നിർദേശങ്ങൾ എല്ലാ ട്രേഡ് യൂണിയനുകൾക്കും കൈമാറും.

കൂടാതെ കമ്മിറ്റിയുടെ സിറ്റിങ്ങുകളിൽ നേരിട്ട് പങ്കെടുത്ത് അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുന്നതിന് മറ്റ് ട്രേഡ് യൂണിയനുകൾക്കും അവസരമുണ്ടാകും.തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കണമെന്ന കാര്യത്തിൽ യോഗത്തിൽ പങ്കെടുത്ത എല്ലാ ട്രേഡ് യൂണിയനുകളും പൊതുവായ നിലപാടാണ് സ്വീകരിച്ചത്. പ്രത്യേക സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെയും തൊഴിലാളി യൂണിയനുകൾ മുന്നോട്ടുവയ്ക്കുന്ന നിർദേശങ്ങളുടെയും അടിസ്ഥാനത്തിലായിരിക്കും ലേബർ കോഡുകളുടെ അന്തിമ ചട്ടങ്ങൾ സംസ്ഥാനം തയാറാക്കി പ്രസിദ്ധീകരിക്കുക.

## ടി. വി. അനുപമയെ ഗതാഗത സെക്രട്ടറി സ്ഥാനത്തുനിന്ന് മാറ്റി; ഡി. ബാലമുരളി പുതിയ സെക്രട്ടറി

തിരുവനന്തപുരം: ഗതാഗത വകുപ്പ് സെക്രട്ടറി സ്ഥാനത്തുനിന്ന് ടി. വി. അനുപമയെ മാറ്റി. കേന്ദ്ര സർവീസിലെ ഡെപ്യൂട്ടേഷൻ പൂർത്തിയാക്കി തിരിച്ചെത്തിയ ഡി. ബാലമുരളിയാണ് ഗതാഗത വകുപ്പിൻറെ പുതിയ സെക്രട്ടറിയായി ചുമതലയേൽക്കുന്നത്.

മന്ത്രിയുമായുള്ള അഭിപ്രായവ്യത്യാസങ്ങളെത്തുടർന്ന് ഗതാഗത കമ്മീഷണർ നാഗരാജുവിനെ നേരത്തെ സ്ഥാനത്തുനിന്ന് മാറ്റിയിരുന്നു. ഇതിന് തൊട്ടുപിന്നാലെയാണ് വകുപ്പ് സെക്രട്ടറിയായ അനുപമയ്ക്കെതിരെയും സമാനമായ നടപടിയുണ്ടായിരിക്കുന്നത്. പൊതുഭരണ വകുപ്പാണ് ഐഎഎസ് ഉദ്യോഗസ്ഥരുടെ അഴിച്ചുപണിയും പുതിയ നിയമനങ്ങളും സംബന്ധിച്ച ഔദ്യോഗിക ഉത്തരവിറക്കിയത്.

അനുപമയെ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയായാണ് പുതിയതായി മാറ്റിനിയമിച്ചിരിക്കുന്നത്. ഇതിനുപുറമേ ഗതാഗത വകുപ്പിലെ ഏവിയേഷൻ, മെട്രോ, റെയിൽവേ എന്നിവയുടെ മുഴുവൻ സമയ അധിക ചുമതലയും ഇവർ തുടർന്നും വഹിക്കും.

ഡി. ബാലമുരളിക്ക് ഭക്ഷ്യ, പൊതുവിതരണ, ഉപഭോക്തൃകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ചുമതലയ്ക്ക് പുറമേ ഏവിയേഷൻ, മെട്രോ, റെയിൽവേ ഒഴികെയുള്ള ഗതാഗത വകുപ്പിൻറെ അധിക ചുമതലയും നൽകിയിട്ടുണ്ട്. കേരള ട്രാൻസ്പോർട്ട് ഡെവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിൻറെ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ പദവിയും അദ്ദേഹം വഹിക്കും.

അതേസമയം, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായ ഡോ. ശർമിള മേരി ജോസഫിനെ ഭക്ഷ്യ-പൊതുവിതരണ, ഉപഭോക്തൃകാര്യ വകുപ്പിൻറെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധിക ചുമതലകളിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

## വാതിലുകൾ തുറന്നിട്ടിരിക്കുകയാണ്; പി. പി. ദിവ്യ നിലപാട് വ്യക്തമാക്കട്ടെയെന്ന് ബിജെപി

കണ്ണൂർ: സിപിഎം നേതൃത്വവുമായി അകൽച്ചയിലാണെന്ന സൂചന നൽകി പി. പി. ദിവ്യ ഫേസ്ബുക്കിൽ കുറിപ്പിട്ടതിനു പിന്നാലെ പ്രതികരണവുമായി ബിജെപി. വാതിലുകൾ തുറന്നിട്ടിരിക്കുകയാണെന്നും ദിവ്യ നിലപാട് വ്യക്തമാക്കണമെന്നും ബിജെപി നേതാവ് പി. കെ. കൃഷ്ണദാസ് ആവശ്യപ്പെട്ടു.

ഒരിക്കൽ ശരിയെന്ന് തോന്നിയതെല്ലാം എക്കാലവും ശരിയാകണമെന്നില്ല. ഒരു കരയിൽനിന്ന് മറുകരയിലെത്താൻ സഹായിച്ചതിനെ ജീവിതകാലം മുഴുവൻ ചുമന്നുനടക്കേണ്ടതില്ലെന്നും ദിവ്യയുടെ ഫേസ്ബുക്ക് കുറിപ്പാണ് ചർച്ചയായിരിക്കുന്നത്. രാഷ്ട്രീയ ജീവിതത്തെക്കുറിച്ചുള്ള തുടർ കുറിപ്പുകളുടെ മുന്നോടിയായയാണ് പോസ്റ്റ് വിലയിരുത്തപ്പെടുന്നത്.

കണ്ണൂർ എഡിഎം ആയിരുന്ന കെ. നവീൻ ബാബുവിൻറെ മരണവുമായി ബന്ധപ്പെട്ട വിവാദങ്ങളെത്തുടർന്നാണ് ദിവ്യ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സ്ഥാനം രാജിവച്ചത്. തുടർന്ന് ദിവ്യയെ പാർട്ടിയിൽ തരംതാഴ്ത്തിയിരുന്നു. ഇതോടെ ദിവ്യ പാർട്ടിയുമായി അകന്നുവെന്നും റിപ്പോർട്ടുകളുണ്ട്.

## റിയാദിലേയ്ക്കും മദീന മേഖലയിലേയ്ക്കും ഹൂതികളുടെ ആക്രമണം; നാല് ഡ്രോണുകൾ തകർത്തെന്ന് സൗദി സേന

റിയാദ്: സൗദി തലസ്ഥാനമായ റിയാദിലേയ്ക്കും വിശുദ്ധ നഗരമായ മദീന മേഖലയിലേയ്ക്കും വീണ്ടും ആക്രമണം നടത്തി ഹൂതികൾ. നാല് ഡ്രോണുകൾ തകർത്തതായി സൗദി സേന അറിയിച്ചു.

ദമ്മാം വിമാനത്താവളത്തിലേക്കും അരാംകോയുടെ ശൈബ എണ്ണപ്പാടത്തേക്കും നടത്തിയ ആക്രമണങ്ങളിൽ മരിച്ചവരുടെ എണ്ണം നാലായി. പത്ത് പേർക്ക് പരിക്കേറ്റു. സൗദിയിൽ കുടുങ്ങിയ ഇന്ത്യൻ ഉംറ തീർഥാടകരെ തിരികെയെത്തിക്കാൻ എല്ലാ സഹായവും നൽകുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

വിശുദ്ധ നഗരങ്ങളായ മക്കയും മദീനയും ആക്രമിക്കില്ലെന്നതാണ് ഹൂതി നിലപാട്. എന്നാൽ ബുധനാഴ്ചയും ഇന്നും ആക്രമണമുണ്ടായി. റിയാദിലേക്കും മദീനയിലേക്കുമായി നാല് ഡ്രോണുകളെത്തി. ഇവ തകർത്തു. കഴിഞ്ഞ ദിവസത്തെ ആക്രമണം തങ്ങളുടേതല്ലെന്നാണ് ഹൂതികൾ വിശദീകരിച്ചത്.

എന്നാൽ റിയാദിൽ സൗദിയുടെ പ്രതിരോധ മന്ത്രാലയം ആക്രമിച്ചെന്ന് ഹൂതികൾ അവകാശപ്പെട്ടു. അബഹ വിമാനത്താവളം ആക്രമിച്ചെന്ന് അവകാശപ്പെട്ടതിനൊപ്പം ദമാം വിമാനത്താവളവും ആരാംകോ റിഫൈനറിയും ആക്രമിച്ചത് ഹൂത്തികൾ സ്ഥിരീകരിക്കുകയും ചെയ്തു. തങ്ങൾക്ക് നേരെ സൗദി നടത്തിയ ആക്രമണങ്ങളിൽ മൊത്തം മരണം 562 ആയി എന്ന് ഹൂതികൾ പറഞ്ഞു.

## അൻവർ സാദത്ത് എംഎൽഎക്കെതിരെ വധഭീഷണി: പ്രതി അറസ്റ്റിൽ, പിടിയിലായത് സ്റ്റേഷനിൽ ഒപ്പിടാൻ എത്തിയപ്പോൾ

കൊച്ചി: അൻവർ സാദത്ത് എംഎൽഎക്കെതിരെ വധഭീഷണി മുഴക്കിയ കേസിൽ കവർച്ചാക്കേസ് പ്രതി നെടുമ്പാശേരി മേയ്ക്കാട് സ്വദേശി എം. ജെ. ജോബി പിടിയിൽ. ജാമ്യ വ്യവസ്ഥ പ്രകാരം ആലുവ പൊലിസ് സ്റ്റേഷനിൽ ഒപ്പിടാൻ എത്തിയപ്പോഴാണ് ജോബി അറസ്റ്റിലായത്. ഫേസ്ബുക്കിലൂടെ ഭീഷണി മുഴക്കിയ സംഭവത്തിൽ കേസ് എടുത്ത വിവരം ജോബി അറിഞ്ഞിരുന്നില്ല.

ആലുവ റെയിൽവേ സ്റ്റേഷനിലേക്ക് പോവുകയായിരുന്ന യാത്രക്കാരനെ ആക്രമിച്ച് കവർച്ച നടത്തിയ മൂന്നാം പ്രതിയാണ് എം. ജെ. ജോബി. കവർച്ച സംഘത്തിൽപെട്ട എല്ലാവരെയും നിയമത്തിന് മുന്നിലേക്ക് കൊണ്ടു വരുമെന്ന് എംഎൽഎ പ്രതികരണം നടത്തിയതിനെ തുടർന്നുണ്ടായ വൈരാഗ്യത്തിലാണ് ഫെയ്സ്ബുക്കിലൂടെ ഭീഷണി മുഴക്കിയത്. സെപ്റ്റംബർ 13ന് കവർച്ചാക്കേസിൽ അറസ്റ്റിലായ ഇയാൾക്ക് ഒക്ടോബർ 17ന് ജാമ്യം ലഭിച്ചിരുന്നു. ജാമ്യത്തിലിറങ്ങിയതിന് പിന്നാലെയാണ് ഫേസ്ബുക്ക് ലൈവിലൂടെ ഭീഷണി മുഴക്കിയത്. ജാമ്യമില്ല വകുപ്പ് പ്രകാരമാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

## ജർമനിയിൽ തീപിടിത്തത്തിൽ മരിച്ച മലയാളികളുടെ മൃതദേഹങ്ങൾ ഒക്ടോബർ 23ന് കൊച്ചിയിലെത്തിക്കും

ജർമനിയിലെ ബോഹും മേഖലയിലെ ബഹുനില പാർപ്പിടസമുച്ചയത്തിലുണ്ടായ തീപിടിത്തത്തിൽ മരിച്ച മൂന്നു മലയാളികളുടെയും മൃതദേഹങ്ങൾ ഒക്ടോബർ 23ന് കൊച്ചിയിലെത്തും. കൊല്ലം പെരിനാട് സ്വദേശി അഞ്ജലി എസ് ജോയ് (27), എറണാകുളം കാലടി സ്വദേശി സിവിൻ ജോണി (26) എന്നിവരുടെ മൃതദേഹങ്ങൾ ഒക്ടോബർ 21 ന് ഫ്രാങ്ക്ഫർട്ടിൽനിന്ന് എയർ ഇന്ത്യ വിമാനത്തിൽ ഡൽഹിയിലേക്കും അവിടെനിന്ന് ഒക്ടോബർ 22ന് രാത്രി പുറപ്പെടുന്ന എയർ ഇന്ത്യ വിമാനത്തിൽ ഒക്ടോബർ 23ന് പുലർച്ചെ കൊച്ചിയിലുമെത്തിക്കും. ഇടുക്കി ഇരട്ടയാർ സ്വദേശി നോവ സാബുവിന്റെ (25) മൃതദേഹം ഒക്ടോബർ 22ന് ഫ്രാങ്ക്ഫർട്ടിൽ നിന്ന് പുറപ്പെടും. ഡൽഹിയിൽനിന്ന് ഒക്ടോബർ 23ന് പുറപ്പെടുന്ന എയർ ഇന്ത്യ വിമാനത്തിൽ അന്നുതന്നെ കൊച്ചിയിലെത്തിക്കും. മൂന്ന് മൃതദേഹങ്ങളും ഒരേ ദിവസമാണ് കൊച്ചിയിലെത്തുന്നതെങ്കിലും രണ്ട് വ്യത്യസ്ത വിമാനങ്ങളിലായിരിക്കും എത്തിക്കുക.

തുടർന്ന് നോർക്ക റൂട്സ് ആംബുലൻസുകളിൽ വീടുകളിലെത്തിക്കും. ദുരന്ത വാർത്ത അറിഞ്ഞതുമുതൽ മുഖ്യമന്ത്രിയുടെ നിർദേശാനുസരണം പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസ് (തിരുവനന്തപുരം), കേന്ദ്ര വിദേശകാര്യ മന്ത്രാലയം (ങഋഅ) ബെർലിനിലെ ഇന്ത്യൻ എംബസി, കോൺസുലേറ്റ് ജനറൽ ഓഫീസ്, ജർമനിയിലുള്ള മലയാളി സംഘടനാ പ്രതിനിധികൾ എന്നിവരുമായി നോർക്ക റൂട്ട്സ് നിരന്തരം ബന്ധപ്പെട്ടിരുന്നു. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ നേതൃത്വത്തിലായിരുന്നു ഏകോപനം. മൃതദേഹങ്ങൾ നാട്ടിലെത്തിക്കുന്നതിന്റെ ചെലവ് നോർക്ക വഹിക്കും.



## സിപിഐ അംഗങ്ങൾ വിപ്പ് ലംഘിച്ചു; പാറളം പിടിച്ച് കോൺഗ്രസ്

തൃശൂർ: അവിശ്വാസപ്രമേയത്തിലൂടെ ബിജെപിക്ക് ഭരണം നഷ്ടമായ പാറളം പഞ്ചായത്തിൽ പ്രസിഡൻറ് സ്ഥാനം പിടിച്ചെടുത്ത് കോൺഗ്രസ്. സിപിഐയുടെ രണ്ടംഗങ്ങൾ വിപ്പ് ലംഘിച്ച് കോൺഗ്രസ് സ്ഥാനാർഥിക്ക് വോട്ട് ചെയ്തതോടെയാണ് കോൺഗ്രസിലെ റോസ് മേരി അബേഷ് പഞ്ചായത്ത് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടത്. 17 അംഗ ഭരണസമിതിയിൽ കോൺഗ്രസിനും ബിജെപിക്കും ആറ് അംഗങ്ങൾ വീതമാണ് ഉണ്ടായിരുന്നത്. സിപിഐക്ക് മൂന്ന് അംഗങ്ങളാണുള്ളത്. ഇതിൽ രണ്ട് അംഗങ്ങൾ കോൺഗ്രസ് സ്ഥാനാർഥിക്ക് വോട്ട് ചെയ്തതോടെ റോസ് മേരി അബേഷിയുടെ വിജയം ഉറപ്പായി. നേരത്തെ എൽഡിഎഫും യുഡിഎഫും ഒരുമിച്ചാണ് അവിശ്വാസപ്രമേയത്തിലൂടെ ബിജെപി ഭരണസമിതിയെ പുറത്താക്കിയത്. ഇതിന് പിന്നാലെയാണ് പ്രസിഡൻറ്, വൈസ് പ്രസിഡൻറ് തെരഞ്ഞെടുപ്പ് നടന്നത്. പ്രസിഡൻറ് തെരഞ്ഞെടുപ്പിൽ എൽഡിഎഫിനായി സുധ അനിലനും ബിജെപിക്കായി അനിത പ്രസന്നനും മത്സരിച്ചു. കോൺഗ്രസിൻറെ സ്ഥാനാർഥിയായി റോസ് മേരി അബേഷിയും രംഗ

## ക്രൈം ബ്രാഞ്ച് നോട്ടീസിൽ സിജെപി നേതാക്കൾ ഹാജരായില്ല: പുതിയ സമൻസ് നൽകിയേക്കും

ന്യൂഡൽഹി: ക്രൈം ബ്രാഞ്ച് നോട്ടീസിൽ കോക്രോച്ച് ജനതാ പാർട്ടി നേതാക്കൾ ഹാജരായില്ല. ജന്തർ മന്തർ അതിക്രമക്കേസുമായി ബന്ധപ്പെട്ട് സൗരവ് ദാസ്, അശുതോഷ് റാങ്ക, അജിങ്ക്യ ഷിൻഡെ എന്നിവരോട് ഇന്ന് ക്രൈം ബ്രാഞ്ച് ഓഫീസിൽ ഹാജരാകാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും, അസൗകര്യം അറിയിക്കുകയായിരുന്നു. ഇതേതുടർന്ന് ക്രൈംബ്രാഞ്ച് പുതിയ സമൻസ് നൽകിയേക്കുമെന്നാണ് റിപ്പോർട്ട്. നിരോധനാജ്ഞ ലംഘിച്ച് ജന്തർ മന്തറിലേക്ക് പ്രതിഷേധിക്കാൻ എത്തിയതും, സ്വകാര്യ വ്യക്തിയുടെ വസ്തുവിൽ അതിക്രമിച്ച് കയറി ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതുമാണ് ഇവർക്കെതിരെയുള്ള കേസ്. ഏഴ് ദിവസത്തെ ജയിൽ വാസത്തിന് ശേഷം ജന്തർമന്തറിൽ ഇനി പ്രതിഷേധിക്കില്ല എന്ന് ഉറപ്പ് നൽകി വ്യക്തിഗത ബോണ്ടും ആൾജാമ്യവും സമർപ്പിച്ചാണ് അശുതോഷ് റാങ്കയും സൗരവ് ദാസും ഇന്നലെ തിഹാർ ജയിലിൽ നിന്നും പുറത്തിറങ്ങിയത്. അതിനിടെ, വിഷയത്തിൽ സിജെപി നേതാക്കളുടെ നടപടികൾക്കെതിരെ ഡൽഹി ഹൈക്കോടതിയും സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കോടതിയും കടുത്ത വിമർശനങ്ങളാണ് ഉന്നയിച്ചിരുന്നത്.

## മലിനീകരണ നിയന്ത്രണ ബോർഡിൽ അപ്രന്റീസ് ഒഴിവുകൾ

അസാപ് കേരള മുഖേന കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഗ്രാജുവേറ്റ് എഞ്ചിനീയറിംഗ് അപ്രന്റീസ് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. സിവിൽ, കെമിക്കൽ എഞ്ചിനീയറിങ് ബിരുദധാരികൾക്കാണ് അവസരം. എറണാകുളം, പാലക്കാട്, മലപ്പുറം, പത്തനംതിട്ട ജില്ലകളിലായി 10 ഒഴിവുകളുണ്ട്. പ്രതിമാസ സ്റ്റൈപ്പൻഡ് 10,000 രൂപ. ഒക്ടോബർ 27നകം careerlink.asapkerala.gov.in മുഖേന അപേക്ഷ സമർപ്പിക്കണം.

## കാലാവധി നീട്ടി

സാങ്കേതിക പരീക്ഷാ കൺട്രോളർ നടത്തുന്ന 2010 മേഴ്സി ചാൻസ് (റിവിഷൻ 2010) പരീക്ഷ രജിസ്ട്രേഷൻ കാലാവധി ഒക്ടോബർ 23 വരെ നീട്ടി.

## ‘സമരങ്ങൾ കൊണ്ട് കാര്യമില്ല, കോൺഗ്രസിന് അടുത്ത 30 വർഷത്തേക്ക് ജയിക്കാനാവില്ല’: രാഹുൽ ഗാന്ധിയെ രൂക്ഷമായി വിമർശിച്ച് അമിത് ഷാ

ന്യൂഡൽഹി: പ്രതിപക്ഷത്തിനെതിരെയും കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിക്കെതിരെയും രൂക്ഷ വിമർശനവുമായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. വെറും സമരങ്ങൾ കൊണ്ടു മാത്രം കാര്യമില്ലെന്നും, കോൺഗ്രസിൻറെ 'നെഗറ്റീവ് രാഷ്ട്രീയം' കാരണം അടുത്ത 30 വർഷത്തേക്ക് പോലും പാർട്ടിക്ക് തെരഞ്ഞെടുപ്പിൽ വിജയിക്കാനാകില്ലെന്നും അദ്ദേഹം വ്യക്തമാക്കി. പ്രതിഷേധങ്ങളും സമരങ്ങളും കൊണ്ടുമാത്രം രാഷ്ട്രീയമായി വിജയം നേടാനാവില്ലെന്നും, ജനങ്ങളെ വിശ്വാസത്തിലെടുക്കാതെ നടത്തുന്ന ഇത്തരം സമരങ്ങൾകൊണ്ട് യാതൊരു ഫലവുമില്ലെന്നും അമിത് ഷാ കുറ്റപ്പെടുത്തി. കോൺഗ്രസ് തുടരുന്ന തെറ്റായ നയങ്ങളും നെഗറ്റീവ് രാഷ്ട്രീയവും കാരണം വരും ദശകങ്ങളിലും പാർട്ടിക്ക് തെരഞ്ഞെടുപ്പുകളിൽ തിരിച്ചടി നേരിടേണ്ടി വരുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി. രാജ്യത്ത് വിവിധ വിഷയങ്ങൾ മുൻനിർത്തി പ്രതിപക്ഷം നടത്തുന്ന സമരങ്ങൾക്കും പ്രതിഷേധങ്ങൾക്കും എതിരെയുള്ള ബിജെപിയുടെ രാഷ്ട്രീയ പ്രതിരോധത്തിൻറെ ഭാഗമായാണ് അമിത് ഷായുടെ ഈ പരാമർശങ്ങൾ.

## ഫ്രഞ്ച് കലാപവും ഇന്ത്യയിലെ പ്രതിഷേധങ്ങളും തമ്മിൽ ബന്ധമെന്ന് റിപ്പോർട്ട്; വിമർശനവുമായി ബിജെപി

ന്യൂഡൽഹി: ഫ്രാൻസിലെ കലാപങ്ങളും ഇന്ത്യയിലെ യുവജന പ്രതിഷേധങ്ങളും തമ്മിൽ ബന്ധമുണ്ടെന്ന ഫോക്സ് ന്യൂസ് റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ കോൺഗ്രസിനെതിരെ കടുത്ത ആക്രമണവുമായി ബിജെപി. രാജ്യത്ത് അരാജകത്വവും ഭരണമാറ്റവും ലക്ഷ്യമിട്ടുള്ള ഗൂഢാലോചനയാണ് കോൺഗ്രസ് നടത്തുന്നതെന്ന് ബിജെപി ആരോപിച്ചു. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ ബിജെപി ‘ഗദ്ദാർ’എന്നും വിശേഷിപ്പിച്ചു.

13 രാജ്യങ്ങളിലായി 101 സംഘടനകൾ പ്രക്ഷോഭങ്ങൾ ഏകോപിപ്പിക്കുന്നുണ്ടെന്നാണ് ഫോക്സ്ന്യൂസ് ഡിജിറ്റൽ അന്വേഷണ റിപ്പോർട്ടിൽ അവകാശപ്പെടുന്നത്. ഫ്രാൻസിലെ അശാന്തിയും ഇന്ത്യയിലെ യുവജന പ്രക്ഷോഭങ്ങളും തമ്മിൽ ഇതിൽ ബന്ധിപ്പിക്കുന്നുണ്ട്. വാർത്താസമ്മേളനത്തിൽ സംസാരിച്ച ബിജെപി വക്താവ് ഗൗരവ് ഭാട്ടിയ, രാഹുൽ ഗാന്ധിയെയും കോൺഗ്രസിനെയും കടുത്ത ഭാഷയിൽ വിമർശിച്ചു. ‘പ്രതിപക്ഷ നേതാവ് രാജ്യത്തിന് മുന്നിൽ അരാജകത്വത്തിൻറെയും വഞ്ചനയുടെയും മാതൃകയാണ് അവതരിപ്പിക്കുന്നത്, ‘എന്ന് അദ്ദേഹം പറഞ്ഞു. വിദേശ ഏജൻസികളുമായി വഞ്ചനാപരമായ ബന്ധമുണ്ടെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടാണ് പുറത്തുവന്നിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബിജെപിയുടെ ഈ ആരോപണങ്ങളോട് കോൺഗ്രസ് ഇതുവരെ ഔദ്യോഗികമായി പ്രതികരിച്ചിട്ടില്ല.

## തിരുവിതാംകൂർ ദേവസ്വം ബോർഡ്: പ്രാക്ടിക്കൽ ടെസ്റ്റ് കം ഇന്റർവ്യൂ തീയതി പ്രസിദ്ധീകരിച്ചു

നാദസ്വരം കം വാച്ചർ, നാദസ്വരം കം വാച്ചർ എൻ.സി.എ എസ്.സി ഒക്ടോബർ 30, തകിൽ കം വാച്ചർ എൻ.സി.എ ഇ.ഡബ്ല്യു.എസ് നവംബർ രണ്ട്, പാർട്ട് ടൈം പഞ്ചവാദ്യം കം വാച്ചർ നവംബർ രണ്ട് മുതൽ അഞ്ച് വരെ കേരള ദേവസ്വം ബോർഡിൽ പ്രാക്ടിക്കൽ ടെസ്റ്റ് കം ഇന്റർവ്യൂ നടത്തും. ഇന്റർവ്യൂ മെമ്മോ ഉദ്യോഗാർഥികളുടെ ദേവജാലിക പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസ്സലും, പ്രാക്ടിക്കൽ ടെസ്റ്റ്-കം-ഇന്റർവ്യൂ മെമ്മോയും സഹിതം ഹാജരാകണം. എസ്എംഎസ് അറിയിപ്പ് ലഭിക്കാത്ത ഉദ്യോഗാർഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസുമായി ബന്ധപ്പെടണം. വെബ്സൈറ്റ്: www.kdrb.kerala.gov.in.

## ബസ് തകരാറിലായി റോഡരികിൽ നിന്ന നാല് പേർ കാർ ഇടിച്ചു മരിച്ചു

അമരാവതി: ആന്ധ്രാപ്രദേശിലെ കാക്കിനട ജില്ലയിൽ കാറിടിച്ച് നാല് പേർ മരിച്ചു. രണ്ട് പേർക്ക് ഗുരുതരമായി പരിക്കേറ്റു. വിജയനഗരം സ്വദേശികളായ സിരിഗിടി എറയ്യ (35), തംലിംഗല സീതാറാം (36), താടിപ്പുടി വരപ്രസാദ് (36), ബോനുല രമണ (52) എന്നിവരാണ് മരിച്ചത്. കതിപുടി-രവികംപടു ജംഗ്ഷന് സമീപം വ്യാഴാഴ്ചയാണ് അപകടമുണ്ടായത്. വിജയവാഡയിലെ കനകദുർഗ ക്ഷേത്രദർശനത്തിനായി പുറപ്പെട്ടവരാണ് അപകടത്തിൽപ്പെട്ടത്. ഇവർ സഞ്ചരിച്ചിരുന്ന സ്വകാര്യ ബസിന് കതിപുടിക്ക് സമീപം സാങ്കേതിക തകരാർ സംഭവിച്ചിരുന്നു. തുടർന്ന് ബസ് നിർത്തിയപ്പോൾ റോഡരികിലെ ചായക്കടയിലേക്ക് നടന്നുപോവുകയായിരുന്ന തീർഥാടകരുടെ മേലാണ് അമിതവേഗത്തിൽ എത്തിയ കാർ പാഞ്ഞുകയറിയത്. വിവരം അറിഞ്ഞയുടൻ തന്നെ പൊലിസ് സ്ഥലത്തെത്തി പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിച്ചു. സംഭവത്തിൽ കേസെടുത്ത് പൊലിസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## ഹ്രസ്വകാല കോഴ്സ്

വിനോദ സഞ്ചാര വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഗവൺമെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നവംബറിൽ മൂന്ന് ദിവസത്തെ ബേക്കറി കോഴ്സും രണ്ട് ദിവസത്തെ കുക്കറി കോഴ്സും നടത്തും. എട്ടാം ക്ലാസ് ജയിച്ചവർക്ക് അപേക്ഷിക്കാം. ഫോൺ: 8075319643, 7561882783, 6238455239, 0471 2728340.

## റൈഹാൻ വദ്രയുടെ ചിത്രപ്രദർശന വിവാദം: 70-ലധികം ചിത്രങ്ങൾ നീക്കം ചെയ്ത് ബിക്കാനീർ ഹൗസ് അധികൃതർ

ന്യൂഡൽഹി: കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധിയുടെ മകനും ദൃശ്യകലാവതാരകനുമായ റൈഹാൻ വദ്രയുടെ സോളോ ആർട്ട് എക്സിബിഷനിൽ നിന്ന് 70-ഓളം പ്രതിഷേധ ചിത്രങ്ങൾ ഡൽഹിയിലെ ബിക്കാനർ ഹൗസ് അധികൃതർ നീക്കം ചെയ്തു.

പ്രദർശനം ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് ചിത്രങ്ങൾ മാറ്റാൻ ആവശ്യപ്പെടുകയും, അനുസരിച്ചില്ലെങ്കിൽ പ്രദർശനം റദ്ദാക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തതായി റൈഹാൻ വദ്ര ആരോപിച്ചു.

കഴിഞ്ഞ ആറുമാസത്തിനിടയിലെ വിവിധ പ്രതിഷേധ പ്രകടനങ്ങളുടെ ഡോക്യുമെൻററി ചിത്രങ്ങളാണ് പ്രദർശനത്തിനായി വെച്ചിരുന്നത്. ഇതിൽ ദേശീയ പതാകയേന്തിയ ആളുകളുടെ ചിത്രങ്ങളും ഉൾപ്പെടുന്നു. എന്നാൽ നിലവിലെ രാഷ്ട്രീയ സാഹചര്യത്തിൽ ഇത്തരം ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നത് ശരിയല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് അധികൃതർ ഇവ നീക്കം ചെയ്തത്.

രാഷ്ട്രീയമായി അനുകൂലമല്ലാത്ത സാഹചര്യങ്ങൾ മുൻനിർത്തി ചിത്രങ്ങൾ ഒഴിവാക്കണമെന്നാണ് ബിക്കാനർ ഹൗസ് അധികൃതർ ആവശ്യപ്പെട്ടത്. മകൻറെ ചിത്രങ്ങൾ നീക്കം ചെയ്ത നടപടിയെ വിമർശിച്ചുകൊണ്ട് പ്രിയങ്ക ഗാന്ധി രംഗത്തെത്തി. മറ്റുള്ളവരുടെ ആവിഷ്കാര സ്വാതന്ത്ര്യത്തെ ഭയപ്പെടുന്ന ഭരണകൂടം തങ്ങളുടെ സ്വന്തം അധികാരമാണ് നഷ്ടപ്പെടുത്തുന്നതെന്ന് അവർ എക്സിൽ കുറിച്ചു.

യാതൊരു രാഷ്ട്രീയ സന്ദേശവുമില്ലാത്ത, സമീപകാല സംഭവങ്ങളുടെ നേർക്കാഴ്ചകൾ മാത്രമാണ് ചിത്രങ്ങളെന്നും കലാകാരൻറെ ആവിഷ്കാര സ്വാതന്ത്ര്യത്തിന് മേലുള്ള കടന്നുകയറ്റമാണിതെന്നും റൈഹാൻ വദ്ര പ്രതികരിച്ചു.

## സ്ത്രീശാക്തീകരണത്തിന് എ.ഐ സാക്ഷരത: കേരള വനിതാ കമ്മീഷൻ 'യശോദ എ.ഐ' ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു

സ്ത്രീകളെ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കേരള വനിതാ കമ്മീഷൻ കോളേജ് വിദ്യാർത്ഥിനികൾക്കായി ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ദേശീയ വനിതാ കമ്മീഷന്റെ എ.ഐ സാക്ഷരതാ പദ്ധതിയായ 'യശോദ എ.ഐ' (ഥമവെീറമ അക)യുമായി സഹകരിച്ച് തിരുവനന്തപുരം ഹോട്ടൽ പ്രശാന്തിൽ സംഘടിപ്പിച്ച പരിപാടി കേരള വനിതാ കമ്മീഷൻ അധ്യക്ഷ അഡ്വ. പി. സതീദേവി ഉദ്ഘാടനം ചെയ്തു.ലോകം അതിവേഗം ഡിജിറ്റൽവത്ക്കരിക്കപ്പെടുന്ന സാഹചര്യത്തിൽ സ്ത്രീകൾ നിർമിതബുദ്ധിയെക്കുറിച്ചും ഡിജിറ്റൽ സാങ്കേതികവിദ്യകളെക്കുറിച്ചും അവബോധം നേടേണ്ടത് അനിവാര്യമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അഡ്വ. പി. സതീദേവി പറഞ്ഞു. സൈബർ സുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ, ഓൺലൈൻ പിന്തുടരൽ എന്നിവയെക്കുറിച്ച് സ്ത്രീകൾക്ക് കൃത്യമായ അറിവുണ്ടാക്കാനും ഓൺലൈൻ തട്ടിപ്പുകളെയും ചൂഷണങ്ങളെയും തിരിച്ചറിഞ്ഞ് സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ നിയമപരമായി പരാതിപ്പെടാൻ അവരെ പ്രാപ്തരാക്കാനുമാണ് പരിപാടി ലക്ഷ്യമിടുന്നത്.

ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നുള്ള നിയമവിദ്യാർത്ഥിനികളാണ് പരിശീലന പരിപാടിയിൽ പങ്കെടുത്തത്.

'എ.ഐയുടെ സാധ്യതകളും ഉപയോഗങ്ങളും' എന്ന വിഷയത്തിൽ സൈബർ നിയമ-എ.ഐ വിദഗ്ധൻ അഡ്വ. മനു കൃഷ്ണ എസ്.കെ, 'ഡിജിറ്റൽ സുരക്ഷയും എ.ഐയുടെ അപകടസാധ്യതകളും' എന്ന വിഷയത്തിൽ അഭിഭാഷകനും കൗൺസിലിങ് സൈക്കോളജിസ്റ്റുമായ ഡോ. പി.എം. ബിനു തോട്ടത്തിൽ, 'ദൈനംദിന ജീവിതത്തിലെ എ.ഐ' എന്ന വിഷയത്തിൽ എൻവെസ്റ്റ്നെറ്റ് ക്വാളിറ്റി അഷ്വറൻസ് ഡയറക്ടർ ഫെബിൻ എസ്.എ എന്നിവർ ക്ലാസ്സെടുത്തു.കെ.എസ്.ഡി.എം.എ., ഐ.എം.ജി. റിസോഴ്സ് പേഴ്സൺ ബിനു കുമാർ എൻ.എസിൻറെ നേതൃത്വത്തിൽ പ്രായോഗിക പരിശീലനവും വിദ്യാർഥിനികൾക്ക് നൽകി. ചടങ്ങിൽ കേരള വനിതാ കമ്മീഷൻ അംഗം അഡ്വ. ഇന്ദിരാ രവീന്ദ്രൻ, മെമ്പർ സെക്രട്ടറി ബീന വൈ.ബി., ഗവ. ലോ കോളേജ് പ്രിൻസിപ്പൽ ഡോ. ഹമീമ എം., ഗവ. ലോ കോളേജ് അസിസ്റ്റന്റ് പ്രൊഫസർമാരും വിമൻസ് ഫോറം വേദിക കോർഡിനേറ്റർമാരുമായ അഡ്വ. അഞ്ചു രാജൻ വി., വീണ എ.കെ., കേരള വനിതാ കമ്മീഷൻ റിസർച്ച് ഓഫീസർ അർച്ചന തുടങ്ങിയവർ പങ്കെടുത്തു.

## മാസപ്പടി കേസ്; പിണറായി ഇഡിക്ക് മുന്നിൽ ഹാജരാകില്ല

കൊച്ചി: സിഎംആർഎൽ-എക്സാലോജിക് ഇടപാട് കേസിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ വെള്ളിയാഴ്ച ഇഡിക്ക് മുന്നിൽ ഹാജരാകില്ല. വിജിലൻസ് അന്വേഷണത്തിന് ഇടക്കാല സ്റ്റേ അനുവദിച്ച സുപ്രിംകോടതി ഉത്തരവും നിയമസഭാ സമ്മേളനവും ചൂണ്ടിക്കാണിച്ചാണ് ഇഡി സമൻസിന് പിണറായി മറുപടി നൽകിയത്. അതേസമയം ഇടക്കാല സ്റ്റേ അനുവദിച്ച സുപ്രിംകോടതി ഉത്തരവ് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ഹൈക്കോടതിയിൽ സമർപ്പിച്ചു. പിണറായി വിജയൻ ഉൾപ്പെടെയുള്ളവർ നൽകിയ അപ്പീൽ ശനിയാഴ്ച പരിഗണിച്ചേക്കും. ജസ്റ്റീസുമാരായ ജോയ് മല്യ ബാഗ്ചി, വി. മോഹന എന്നിവരടങ്ങിയ അവധിക്കാല ബെഞ്ചാണ് പിണറായി വിജയനെതിരെയുള്ള വിജിലൻസ് അന്വേഷണം സ്റ്റേ ചെയ്തത്. കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ഉത്തരവിട്ട സിംഗിൾ ബെഞ്ച് നടപടിക്കെതിരെ അപ്പീൽ നൽകാനാവില്ലെന്ന ഹൈക്കോടതിയുടെ നടപടിയും സുപ്രിംകോടതി റദ്ദ് ചെയ്തിരുന്നു. അതിനാൽ പിണറായിയുടെ അപ്പീൽ ഉടൻ തന്നെ ഹൈക്കോടതി പരിഗണിക്കാനാണ് സാധ്യത. പിണറായി വിജയന് വേണ്ടി സുപ്രിംകോടതിയിലെ മുതിർന്ന അഭിഭാഷകൻ ഹാജരാകും. വിജിലൻസ് അന്വേഷണത്തിന് താത്കാലിക സ്റ്റേ അനുവദിച്ചെങ്കിലും കേസിലെ എഫ്ഐആർ സുപ്രിംകോടതി റദ്ദാക്കിയിട്ടില്ല. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ അന്വേഷണത്തിനും കോടതി വിലക്കേർപ്പെടുത്തിയിട്ടില്ല. അതിനാൽ നിയമനടപടികളുമായി മുന്നോട്ട് പോകാനാണ് ഇഡിയുടെ നീക്കം.

## ഗ്ലെൻ ഫിലിപ്സ് തകർത്തടിച്ചു; ഇന്ത്യക്ക് കൂറ്റൻ വിജയലക്ഷ്യം

ക്രൈസ്റ്റ്ചർച്ച്: ന്യൂസിലൻഡിനെതിരായ ആദ്യ ടി20 മത്സരത്തിൽ ഇന്ത്യക്ക് 226 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റിങ്ങിനിറങ്ങിയ ന്യൂസിലൻഡ് നിശ്ചിത ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 225 റൺസെടുത്തു. പുറത്താകാതെ 82 റൺസ് നേടിയ ഗ്ലെൻ ഫിലിപ്സാണ് ന്യൂസിലൻഡിന് കൂറ്റൻ സ്കോർ സമ്മാനിച്ചത്. 40 പന്തുകൾ നേരിട്ട താരം എട്ട് ഫോറും മൂന്ന് സിക്സും നേടി. ഓപ്പണർമാരായ ടിം സെയ്ഫെർട്ടും ഫിൻ അലനും ചേർന്ന് ന്യൂസിലൻഡിന് മികച്ച തുടക്കമാണ് നൽകിയത്. ഇരുവരും ചേർന്ന് 49 റൺസ് കൂട്ടിച്ചേർത്തു. 17 പന്തിൽ 24 റൺസെടുത്ത സെയ്ഫെർട്ടിനെ പുറത്താക്കി മായങ്ക് യാദവാണ് കൂട്ടുകെട്ട് പൊളിച്ചത്. തുടർന്ന് ആക്രമണാത്മക ബാറ്റിംഗ് തുടർന്ന ഫിൻ അലൻ അർധസെഞ്ചുറിക്ക് തൊട്ടരികെ പുറത്തായി. 24 പന്തിൽ അഞ്ച് ഫോറും രണ്ട് സിക്സും സഹിതം 45 റൺസെടുത്ത അലനെ അക്സർ പട്ടേൽ തിലക് വർമയുടെ കൈകളിലെത്തിച്ചു. ഏറെ ക്കാലത്തിനുശേഷം ഇന്ത്യൻ ജഴ്സിയിൽ തിരിച്ചെത്തിയ ഭുവനേശ്വർ കുമാറിന് ബൗളിങ്ങിൽ മികവ് പുറത്തെടുക്കാനായില്ല. നാല് ഓവറിൽ 49 റൺസ് വഴങ്ങിയ താരത്തിന് വിക്കറ്റൊന്നും നേടാനായില്ല. ഇന്ത്യക്കായി അർഷ്ദീപ് സിംഗ്, അക്സർ പട്ടേൽ, മായങ്ക് യാദവ് എന്നിവർ ഓരോ വിക്കറ്റ് വീതം വീഴ്ത്തി.

## ബംഗളൂരുവിൽ നിന്ന് കാറിൽ എംഡിഎംഎ എത്തിച്ച് വിൽപ്പന; മൂന്ന് പേർ പിടിയിൽ

മലപ്പുറം: വിൽപ്പനയ്ക്കായി വീട്ടിൽ സൂക്ഷിച്ചിരുന്ന എംഡിഎംഎയുമായി മൂന്ന് പേർ അറസ്റ്റിൽ. കാരാട് സ്വദേശി ഷൈജേഷ് (34), നിലമ്പൂർ സ്വദേശി മഹേഷ് കുമാർ (35), കാരാട് സ്വദേശി അരുൺ (24) എന്നിവരാണ് അറസ്റ്റിലായത്. എക്സൈസ് സംഘമാണ് ഇവരെ അറസ്റ്റ് ചെയ്തത്. വണ്ടൂർ കാരാട്ടെ വീട്ടിൽ നടത്തിയ പരിശോധനയിലാണ് 81.733 ഗ്രാം എംഡിഎംഎ പിടികൂടിയത്. ബംഗളൂരുവിൽ നിന്ന് കാറിലാണ് പ്രതികൾ എംഡിഎംഎ എത്തിച്ചതെന്നാണ് എക്സൈസ് സംഘത്തിന് ലഭിച്ച വിവരം. ഷൈജേഷിൻറെ വീട്ടിൽ നടത്തിയ പരിശോധനയിലാണ് മയക്കുമരുന്ന് പിടികൂടിയത്. മയക്കുമരുന്ന് വിൽപ്പനയിലൂടെ ലഭിച്ച 5980 രൂപയും എംഡിഎംഎ തൂക്കുന്നതിനായി ഉപയോഗിക്കുന്ന ഇലക്ട്രോണിക് ത്രാസും ലഹരിമരുന്ന് കടത്താൻ ഉപയോഗിച്ച കാറും എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തു. ലഹരിമരുന്നിൻറഎ ഉറവിടം, വിതരണ ശൃംഖല, വിൽപ്പനയ്ക്കായി മറ്റാർക്കെങ്കിലും കൈമാറിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ അന്വേഷണത്തിൽ പരിശോധിക്കേണ്ടതുണ്ട്. അറസ്റ്റിലായ മൂന്ന് പേരെയും പെരിന്തൽമണ്ണ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി.



സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷനെ മഹലനോബിസ് നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ റിസർച്ച് അക്കാദമി എന്ന പേരിൽ പുനർനാമകരണം ചെയ്ത് രാജ്യത്തെ അന്താരാഷ്ട്ര നിലവാരമുള്ള ഡാറ്റാ ഹബ്ബായി ഉയർത്തുന്നതിനുള്ള പദ്ധതിരേഖ മുഖ്യമന്ത്രി വി ഡി സതീശന് സമർപ്പിക്കുന്നു. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർ കെ ഷൈലമ്മ, കോർഡിനേഷൻ ആൻഡ് ട്രെയിനിങ് വിഭാഗം റിസർച്ച് അസിസ്റ്റന്റ് രാജേഷ് എന്നിവർ സമീപം

# മികച്ച കായിക സംസ്കാരം വളർത്തിയെടുക്കണം: മന്ത്രി എൻ ഷംസുദ്ദീൻ

നല്ല ആരോഗ്യമുള്ള മനസ്സും ശരീരവും ഉണ്ടെങ്കിലേ നന്നായി പഠിക്കാനും നേട്ടങ്ങൾ കൈവരിക്കാനുമാകൂ എന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ. കായിക ക്ഷമത ഉറപ്പാക്കാൻ മികച്ച കായിക സംസ്കാരം വളർത്തിയെടുക്കണമെന്നും മന്ത്രി പറഞ്ഞു.

അറുപത്തിയെട്ടാമത് സംസ്ഥാന സ്കൂൾ കായികമേളയുടെ സ്വർണക്കപ്പ് പര്യടന യാത്ര തിരുവനന്തപുരം പട്ടം ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു മന്ത്രി.

കുട്ടികളുടെ പഠനത്തിലും ജീവിതത്തിലും കായികക്ഷമത ഒരുപോലെ അത്യാവശ്യമാണ്.

സ്കൂളുകളിൽ കായിക പരിശീലനം ശക്തമാക്കുന്നതിന്റെ ഭാഗമായി മുൻപ് 500 കുട്ടികളുണ്ടെങ്കിൽ മാത്രം അനുവദിച്ചിരുന്ന കായിക അധ്യാപക തസ്തിക ഇനി മുതൽ 300 കുട്ടികളുള്ള സ്കൂളുകളിലും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളിലും കായിക അധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിനായി പ്രത്യേക പഠന കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കായികമേളകളിൽ ഉത്തേജക മരുന്നുകളുടെ ഉപയോഗം, പ്രായത്തിൽ തിരിമറി നടത്തൽ തുടങ്ങിയവ കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

സ്വർണക്കപ്പ് മന്ത്രി എൻ ഷംസുദ്ദീൻ, ഡയറക്ടർ അരുൺ കെ വിജയന് കൈമാറി. സ്വർണക്കപ്പ് പര്യടന യാത്രയുടെ ഫ്ലാഗ്ഓഫും മന്ത്രി നിർവഹിച്ചു. സ്കൂൾ പിടിഎ പ്രസിഡന്റ് ബോസ് വൈ എസ് അധ്യക്ഷനായ ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് അഡിഷണൽ ഡയറക്ടർ ഷിബു ആർ എസ്, വിദ്യാഭ്യാസ ഉപഡയറക്ടർ കെ ശിവദാസൻ, ഡെപ്യൂട്ടി ഡയറക്ടർ ബിജു ആർ, സ്കൂൾ പ്രിൻസിപ്പാൾ ലൈലാസ് തുടങ്ങിയവർ സന്നിഹിതരായി.

ഒക്ടോബർ 25 മുതൽ 31 വരെ കോഴിക്കോടാണ് സംസ്ഥാന സ്കൂൾ കായികമേള നടക്കുന്നത്. കായികമേളയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് നൽകുന്ന മുഖ്യമന്ത്രിയുടെ സ്വർണക്കപ്പ് വിവിധ ജില്ലകളിലെ സ്കൂളുകളിൽ നിന്നും സ്വീകരണം ഏറ്റുവാങ്ങി 25 ന് കോഴിക്കോടെത്തും. 117.5 പവനിലുള്ളതാണ് മുഖ്യമന്ത്രിയുടെ പേരിലുള്ള സ്വർണക്കപ്പ്. ദീപശിഖ പ്രയാണം വെള്ളിയാഴ്ച കാസർഗോഡ് നിന്നും ആരംഭിക്കും.




അറുപത്തിയെട്ടാമത് സംസ്ഥാന സ്കൂൾ കായികമേളയുടെ സ്വർണക്കപ്പ് പര്യടന യാത്ര തിരുവനന്തപുരം പട്ടം ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എൻ ഷംസുദ്ദീൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു

## സർക്കാർ അംഗീകൃത തൊഴിലധിഷ്ഠിത കോഴ്സുകൾ

കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിങ്ങിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തുള്ള ട്രെയിനിംഗ് ഡിവിഷനിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ മൾട്ടിമീഡിയ, ഡിപ്ലോമ ഇൻ പാക്കേജിങ് ടെക്നോളജി, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്കിങ് എന്നീ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി/ പട്ടിക വർഗ/ മറ്റർഹ വിദ്യാർഥികൾക്ക് നിയമാനുസൃത ഫീസ് സൗജന്യവും സ്റ്റൈപ്പന്റും ലഭിക്കും. അവസാന തീയതി ഒക്ടോബർ 31. ഫോൺ: 0471-2474720, 0471-2467728 വെബ്സൈറ്റ്: www.captkerala.com.

## അവിശ്വാസ പ്രമേയം പാസായി; ഉപ്പുതറയിൽ എൽഡിഎഫ് ഭരണം വീണു

ഇടുക്കി: ഉപ്പുതറ പഞ്ചായത്തിൽ എൽഡിഎഫിന് ഭരണം നഷ്ടമായി. യുഡിഎഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയം പാസായതോടെയാണ് പഞ്ചായത്തിലെ ഇടതുഭരണത്തിന് അന്ത്യമായത്. ബിജെപി അംഗം നിഷ പ്രദീപ് പാർട്ടിയുടെ വിപ്പ് ലംഘിച്ച് യുഡിഎഫിന് അനുകൂലമായി വോട്ട് ചെയ്തു.

പഞ്ചായത്തിലെ 18 അംഗങ്ങളിൽ 10 പേരും അവിശ്വാസ പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്തു. പഞ്ചായത്തിൽ യുഡിഎഫിന് ഒമ്പതും എൽഡിഎഫിന് എട്ടും ബിജെപിക്ക് ഒരു അംഗവുമാണ് ഉണ്ടായിരുന്നത്. വിപ്പ് ലംഘിച്ച് വോട്ട് ചെയ്ത നിഷ പ്രദീപിനെതിരെ ബിജെപി അച്ചടക്കനടപടി സ്വീകരിച്ചേക്കും.

# കാറിന്റെ മുകളിൽ കൈകൾ ബന്ധിച്ച് ഒന്നര കിലോമീറ്റർ വലിച്ചിഴച്ച് യുവാവിനെ കൊലപ്പെടുത്തി

ലക്നോ: ഉത്തർപ്രദേശിലെ കൺപൂരിൽ യുവാവിനെ കാറിന്റെ മുകളിൽ കൈകൾ ബന്ധിച്ച് ഒന്നര കിലോമീറ്ററോളും വലിച്ചിഴച്ച ശേഷം റോഡിലേക്ക് വലിച്ചെറിഞ്ഞ് കാർ കയറ്റി കൊലപ്പെടുത്തി. ഫുഡ് പ്രൊഡക്ട്സ് കമ്പനിയിൽ സെയിൽസ്മാനായി ജോലി ചെയ്യുകയായിരുന്ന ബിരു സിംഗ് ഭദൗരിയ (37) ആണ് കൊല്ലപ്പെട്ടത്.

ഏതാനും ദിവസങ്ങൾക്ക് മുമ്പ് ബിരു സിംഗും രാജ്വീർ, മേവലാൽ എന്നിവരുമായി ചില തർക്കങ്ങൾ ഉണ്ടായിരുന്നതായി ബിരു സിംഗിന്റെ പിതാവ് റാം ശങ്കർ സിംഗ് പറയുന്നു. ചൊവ്വാഴ്ച രാത്രി മേവലാൽ, രാജ്വീർ എന്നിവരുൾപ്പെടെയുള്ള അഞ്ച് പേർ ചേർന്ന് കാറിലെത്തി ബിരു സിംഗിനെ വഴിയിൽ തടഞ്ഞുനിർത്തി ആക്രമിക്കുകയായിരുന്നു.

രക്ഷപ്പെടാൻ ശ്രമിച്ച ബിരു സിംഗിനെ പ്രതികൾ കാർ കൊണ്ട് ഇടിച്ചു വീഴ്ത്തി. തുടർന്ന് ഗുരുതരമായി പരിക്കേറ്റ അദ്ദേഹത്തെ കാറിന്റെ മുകളിൽ കിടത്തുകയും രണ്ട് കൈകളും കാറിന്റെ മുൻവശത്തെ ജനലുകൾക്കിടയിൽ കുടുക്കി ജനൽ അടച്ച ശേഷം വാഹനം അമിതവേഗത്തിൽ ഓടിച്ചുപോവുകയുമായിരുന്നു.

ഒന്നര കിലോമീറ്ററോളും ഈ രീതിയിൽ വലിച്ചിഴച്ചുകൊണ്ടുപോയ ശേഷം ബിരു സിംഗിനെ റോഡിലേക്ക് വലിച്ചെറിയുകയും ശരീരത്തിലൂടെ കാർ കയറ്റി കൊലപ്പെടുത്തുകയുമായിരുന്നുവെന്ന് കുടുംബം ആരോപിക്കുന്നു. ജനലുകളിൽ കൈകൾ കുടുങ്ങി അദ്ദേഹത്തിന്റെ വിരലുകൾ ഗുരുതരമായി ചതഞ്ഞരഞ്ഞ നിലയിലായിരുന്നു.

സംഭവസ്ഥലത്തുണ്ടായിരുന്ന പത്തിലേറെ സിസിടിവി കാമറകളിൽ ഈ ദൃശ്യങ്ങൾ പതിഞ്ഞിട്ടുണ്ടെന്ന് കുടുംബാംഗങ്ങൾ വ്യക്തമാക്കി. തുടക്കത്തിൽ കുടുംബം നൽകിയ പരാതിയിൽ പൊലിസ് എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ തയാറായില്ലെന്ന് ആരോപിച്ച് ബുധനാഴ്ച ബന്ധുക്കൾ ശക്തമായ പ്രതിഷേധവുമായി രംഗത്തെത്തി. തുടക്കത്തിൽ ഇതൊരു സാധാരണ വാഹനാപകടമായിട്ടാണ് റിപ്പോർട്ട് ചെയ്തിരുന്നതെങ്കിലും പിന്നീട് കുടുംബം കൊലപാതക ആരോപണവുമായി രംഗത്തുവരികയായിരുന്നു.

സംഭവത്തിൽ കൂടുതൽ അന്വേഷണം പുരോഗമിക്കുകയാണെന്ന് പൊലിസ് അറിയിച്ചു. കാറിന്റെ രജിസ്ട്രേഷൻ നമ്പറും പ്രതികളുടെ മൊബൈൽ ഫോൺ ലൊക്കേഷനുകളും കേന്ദ്രീകരിച്ചാണ് അന്വേഷണം നടക്കുന്നത്. പ്രതികളുടെ മൊബൈൽ ഫോൺ ലൊക്കേഷൻ ഫത്തേപൂർ ജില്ലയിലെ ജഹാനാബാദിൽ കണ്ടെത്തിയിട്ടുണ്ട്. ഒളിവിൽ കഴിയുന്ന പ്രതികൾക്കായുള്ള തെരച്ചിൽ പൊലിസ് ഊർജിതമാക്കി.

# ശസ്ത്രക്രിയയിൽ 'ഹരിത വിപ്ലവം'; കീശയും കീറില്ല!

ആധുനിക ചികിത്സാരംഗത്തു വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരാൻ ഗവേഷകർ. മരുന്നിന്റെ വിലയുൾപ്പെടെയുള്ള ചികിത്സാച്ചെലവും രോഗിയുടെ സുരക്ഷ മെച്ചപ്പെടുത്താനും പുതിയ വഴികൾ തേടുകയാണു ശാസ്ത്രലോകം. യുഎസിലെ സാൻ ഡിയാഗോയിൽ നടന്ന അനസ്തേഷ്യോളജി-2026 വാർഷിക സമ്മേളനത്തിൽ അവതരിപ്പിച്ച ഗവേഷണഫലം ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ട നവീനമാർഗങ്ങളാണു പ്രതിപാദിക്കുന്നത്. ശസ്ത്രക്രിയകളുടെ ഭാരിച്ച ചെലവു കുറയ്ക്കാമെന്നു പഠനം വ്യക്തമാക്കുന്നു.

ശസ്ത്രക്രിയകൾക്കായി ഉപയോഗിക്കുന്ന അനസ്തെറ്റിക് ഔഷധങ്ങളിൽ മാറ്റം വരുത്താമെന്നു ഗവേഷകർ ചൂണ്ടിക്കാട്ടി. മരുന്നുകൾ മാറ്റുന്നതിലൂടെ ചെലവു മാത്രമല്ല, ഹരിതഗൃഹവാതക ഉദ്‌വമനം കുറയ്ക്കാനും കഴിയും. സുരക്ഷിതവും പരിസ്ഥിതി സൗഹൃദവുമായ അനസ്തേഷ്യ രീതികൾ തെരഞ്ഞെടുത്തതിലൂടെ, പ്രതികൂലവാതക ഉദ്‌വമനത്തിൽ 45 ശതമാനത്തിന്റെ കുറവു രേഖപ്പെടുത്തി. രോഗികളുടെ സുരക്ഷയെ ബാധിക്കാതെതന്നെ നേട്ടം കൈവരിക്കാനാകും. പരിസ്ഥിതി ആഘാതം കുറയ്ക്കാൻ ചെലവേറിയ സാങ്കേതികവിദ്യകളുടെ ആവശ്യമില്ല. മാറ്റങ്ങൾ വരുത്തുന്നതിലൂടെ അന്തരീക്ഷ മലിനീകരണവും ആശുപത്രി ചെലവുകളും ഒരേസമയം നിയന്ത്രിക്കാനാകുമെന്നും ഗവേഷകർ വിലയിരുത്തി.

ആരോഗ്യമേഖലയിൽ നിന്നുള്ള ഹരിതഗൃഹ വാതക ഉദ്‌വമനം ആഗോളതലത്തിൽ വലിയ ആശങ്ക ഉയർത്തുന്നുണ്ട്. പ്രത്യേകിച്ച് ശ്വസനത്തിലൂടെ നൽകുന്ന ഡെസ്ഫ്ളൂറേൻ, നൈട്രസ് ഓക്സൈഡ് എന്നീ വാതകങ്ങൾ അന്തരീക്ഷത്തിൽ താപം നിലനിർത്താൻ കാരണമാകുന്നു. ഇതിനുപകരമായി സെവോഫ്ളൂറേൻ, ഇൻട്രാവീനസ് (ഞരമ്പുകളിലൂടെ നൽകുന്ന) അനസ്തേഷ്യ തുടങ്ങിയ രീതികൾ ഉപയോഗിക്കുന്നതു മലിനീകരണവും ഔഷധങ്ങളുടെ അനാവശ്യ പാഴാക്കലും ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്നു ഗവേഷകർ വ്യക്തമാക്കി.

വിർജീനിയ ടെക് കാർലിയൺ സ്കൂൾ ഓഫ് മെഡിസിനുമായി ബന്ധപ്പെട്ട വിവിധ ആശുപത്രികളിൽ നടത്തിയ പഠനത്തിലാണ് ഈ വിവരങ്ങളുള്ളത്. 2021-ലെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ, ശസ്ത്രക്രിയകളിൽനിന്നുള്ള കാർബൺ പുറന്തള്ളലിന്റെ അളവു ഗണ്യമായി കുറഞ്ഞു. 2025 അവസാനത്തോടെ പകുതിയായി കുറയ്ക്കണമെന്ന ലക്ഷ്യവും ഗവേഷകർക്കു മറികടക്കാനായി.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം, മരുന്നുകളുടെ ചെലവു കുറയ്ക്കാനായി എന്നതാണ്. രോഗികളുടെ സുരക്ഷയിൽ വീഴ്ച സംഭവിക്കാതെ മികച്ച ചികിത്സാരീതികൾ നടപ്പാക്കാൻ കഴിയുമെന്നു ഗവേഷകർ പറഞ്ഞു.

## അമിതവേഗത്തിലെത്തിയ കാർ സ്കൂട്ടറിലിടിച്ച് ഒരാൾക്ക് പരിക്ക്

ഭോപ്പാൽ: മധ്യപ്രദേശിലെ ഭോപ്പാലിൽ അമിതവേഗത്തിലെത്തിയ കാർ നിർത്തിയിട്ടിരുന്ന മറ്റൊരു കാറിലിടിച്ചു. ഇതേത്തുടർന്ന് നിയന്ത്രണം വിട്ട് കാർ സ്കൂട്ടറിലിടിച്ച് ഒരാൾക്ക് പരിക്കേറ്റു. ഷാപുര സ്വദേശി രാജ്കുമാർ മാൽവ്യ (36) എന്ന യുവാവിനാണ് പരിക്കേറ്റത്. വ്യാഴാഴ്ച പുലർച്ചെ രാജ്കുമാർ പത്രവിതരണത്തിനായി എത്തിയപ്പോഴാണ് സംഭവം. പത്രങ്ങൾ ശേഖരിക്കുന്നതിനായി എല്ലാ ദിവസവും പുലർച്ചെ 4: 30-ഓടെ രാജ്കുമാർ ഡാനിഷ് കുഞ്ചിൽ എത്താറുണ്ട്. സംഭവം നടക്കുന്ന ദിവസം പുലർച്ചെ അഞ്ചിനു സ്കൂട്ടറിൽ പത്രങ്ങൾ ക്രമീകരിക്കുന്നതിനിടെയാണ് അപകടം നടന്നത്. അമിതവേഗത്തിലെത്തിയ കാർ റോഡരികിൽ നിർത്തിയിട്ടിരുന്ന മറ്റൊരു കാറിലേക്ക് ഇടിച്ചു കയറുകയായിരുന്നു.

ഇതേ തുടർന്ന് മുന്നോട്ട് നീങ്ങിയ വാഹനം രാജ്കുമാറിയും സമീപത്തുകിടന്നിരുന്ന മറ്റൊരു സ്കൂട്ടറിന്റെയും മേൽ ഇടിച്ചുകയറുകയായിരുന്നു. അപകടത്തിൽ രാജ്കുമാറിന്റെ ഇടതുകാലിന് ഗുരുതരമായി പരിക്കേറ്റു. ഉടൻ തന്നെ അദ്ദേഹത്തെ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചു. അപകടമുണ്ടായക്കിയ കാറിന്റെ ഡ്രൈവറും ഒപ്പമുണ്ടായിരുന്ന സ്ത്രീയും വാഹനം ഉപേക്ഷിച്ച് സംഭവസ്ഥലത്തുനിന്ന് ഓടിരക്ഷപ്പെട്ടതായി നാട്ടുകാർ പറയുന്നു. ഡ്രൈവർ മദ്യലഹരിയിലായിരുന്നുവെന്ന് പരിക്കേറ്റ രാജ്കുമാർ ആരോപിച്ചു. സമീപത്തെ കടയിലെ സിസിടിവി കാമറയിൽ അപകടത്തിന്റെ ദൃശ്യങ്ങൾ പതിഞ്ഞിട്ടുണ്ട്. സംഭവത്തിൽ പൊലിസ് കേസെടുത്തു. വാഹനം ഉപേക്ഷിച്ച് കടന്നുകളഞ്ഞ ഡ്രൈവർക്കായുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## യുവേഫ ചാമ്പ്യൻസ് ലീഗ്: ഇൻറർമിലാന് ആവേശ ജയം

മിലാൻ: യുവേഫ ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൽ ഇൻറർമിലാന് ആവേശ ജയം. ബുധനാഴ്ച നടന്ന മത്സരത്തിൽ ഷാക്തർ ഡോണെറ്റ്സ്കിനെ എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചു. കാർലോസ് അഗസ്റ്റോയാണ് ഇൻറർമിലാന് വേണ്ടി ഗോൾ നേടിയത്. 77-ാം മിനിറ്റിലാണ് കാർലോസ് ഗോൾ സ്കോർ ചെയ്തത്. വിജയത്തോടെ ഇൻറർമിലാന് മൂന്ന് പോയിൻറായി. നിലവിൽ ലീഗ് ടേബിളിൽ 20-ാം സ്ഥാനത്താണ് ഇൻറർമിലാൻ.

## പ്രഫഷണലുകൾക്കായി പുതിയ എഐ ഏജൻറ് ആപ്പുമായി ആന്ത്രോപിക്; 'ക്ലോഡ് ഡ്യുയറ്റ്' അവതരിപ്പിച്ചു

സാൻഫ്രാൻസിസ്കോ: ചെറുകിട വ്യവസായികളുടെയും പ്രൊഫഷണലുകളുടെയും ജോലിഭാരം ലഘൂകരിക്കുക ലക്ഷ്യമിട്ട് ആന്ത്രോപിക് പുതിയ എഐ ആപ്പായ 'ക്ലോഡ് ഡ്യുയറ്റ്'അവതരിപ്പിച്ചു. നിർദേശങ്ങൾക്കായി കാത്തിരിക്കുന്ന സാധാരണ ചാറ്റ്ബോട്ടുകളിൽ നിന്ന് വ്യത്യസ്തമായി, ഉപയോക്താക്കൾ ഒപ്പമില്ലാത്തപ്പോഴും പശ്ചാത്തലത്തിൽ പ്രവർത്തിക്കാനും പ്രധാനപ്പെട്ട അപ്ഡേറ്റുകൾ മുൻകൂട്ടി അറിയിക്കാനും ഈ എഐ ഏജൻറിന് സാധിക്കും. ഫോണോ കമ്പ്യൂട്ടറോ ഉപയോഗിക്കാത്ത സമയത്തും വെർച്വൽ മെഷീന്റെ സഹായത്തോടെ ജോലികൾ പൂർത്തിയാക്കാൻ ക്ലോഡ് ഡ്യുയറ്റിന് സാധിക്കും.

കണക്ക് ചെയ്തിട്ടുള്ള അക്കൗണ്ടുകൾ കൃത്യസമയത്ത് പരിശോധിച്ച് രാവിലെ തന്നെ പ്രധാന വിവരങ്ങളുടെ ചെറിയൊരു സംഗ്രഹം ഉപയോക്താവിന് അയച്ചു നൽകും. ജിമെയിൽ, സ്ലാക്ക്, ക്വിക്ക് ബുക്ക്സ്, കാൻവ, ഷോപ്പിഫൈ തുടങ്ങി 6,000-ത്തിലധികം ബിസിനസ് ടൂളുകളുമായി ഇത് ബന്ധിപ്പിക്കാം.

സന്ദേശങ്ങൾ അയക്കുന്നതിനോ പണം നൽകുന്നതിനോ ഒപ്പിടുന്നതിനോ മുൻപ് ആപ്പ് ഉപയോക്താവിന്റെ അനുമതി തേടും. ക്രെഡിറ്റ് കാർഡ് നമ്പറുകൾ പോലുള്ള സെൻസിറ്റീവ് വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കാനുള്ള പ്രത്യേക സംവിധാനങ്ങളും ഇതിലുണ്ട്. നിലവിൽ യുഎസിലെ 'ക്ലോഡ് പ്രോ', 'മാക്സ്' സബ്സ്ക്രൈബേഴ്സിനായി വെയ്റ്റ്ലിസ്റ്റ് അടിസ്ഥാനത്തിലാണ് ഇതിന്റെ റിസർച്ച് പ്രിവ്യൂ ലഭ്യമാക്കിയിരിക്കുന്നത്. ഐഒഎസ്, ആൻഡ്രോയിഡ്, വെബ് പ്ലാറ്റ്ഫോമുകളിൽ ഇത് ലഭ്യമാകും.

## ഓസ്ട്രേലിയയിൽ ചിലന്തിരൂപത്തിലുള്ള കൂറ്റൻ ഗർത്തം കാരണം വിശദമാക്കി നാസ

ചിലന്തിയുടെ രൂപത്തിലുള്ള പടുകൂറ്റൻ ഗർത്തം! നാസ പുറത്തുവിട്ട ചിത്രങ്ങൾ കണ്ട് എല്ലാവരും അന്പരന്നു! ഇതെങ്ങനെ സംഭവിച്ചു പടിഞ്ഞാറൻ ഓസ്ട്രേലിയയിലെ കിംബെർലിയിലാണു വിചിത്ര ഗർത്തം സ്ഥിതി ചെയ്യുന്നത്. യുഎസ് ബഹിരാകാശ ഏജൻസി നാസയും യുഎസ്ജിഎസും ചേർന്നു വികസിപ്പിച്ച ലാൻഡ്സാറ്റ് 9 - ഉപഗ്രഹത്തിലെ 'ഓപ്പറേഷണൽ ലാൻഡ് ഇമേജർ' ആണ് ഗർത്തത്തിന്റെ വിസ്മയചിത്രങ്ങൾ പകർത്തിയത്. ദീർഘവൃത്താകൃതിയിൽ സ്ഥിതി ചെയ്യുന്ന 'സ്പൈഡർ ക്രേറ്ററി'ന് ഏകദേശം 13 കിലോമീറ്റർ നീളവും 11 കിലോമീറ്റർ വീതിയുമാണുള്ളത്. കേന്ദ്രഭാഗത്തിനുമാത്രം ഏകദേശം നാലു കിലോമീറ്റർ വിസ്തൃതിയുണ്ട്. അതിശക്തമായ ഉൽക്കാപതനത്തെത്തുടർന്ന് താഴ്ന്നുപോയ ഭാഗം ചിലന്തിരൂപത്തിലുള്ള ഗർത്തമായി മാറുകയായിരുന്നുവെന്ന് ഭൗതിക ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. ചുറ്റുമുള്ള പാറകൾ കാലക്രമേണ മണ്ണൊലിപ്പിലൂടെ നശിച്ചുപോയപ്പോൾ, തിളക്കമുള്ളതും ചിലന്തിപോലെയുള്ള മണൽക്കല്ലുകളുടെ അവശിഷ്ടങ്ങൾ മാത്രം ബാക്കിയാവുകയായിരുന്നു. 'സ്പൈഡർ ക്രേറ്റർ' അഗ്നിപർവത സ്ഫോടനത്തിലൂടെ ഉണ്ടായതെന്നാണു ഗവേഷകർ വിശ്വസിച്ചിരുന്നത്. പിന്നീടു നടന്ന പഠനത്തിലാണ് ഇത് ഉൽക്കാപതനത്തിന്റെ ഫലമായി സംഭവിച്ചതാണെന്നു മനസിലായത്. എങ്കിലും ഉൽക്കാപതനം കൃത്യമായി എപ്പോഴാണു സംഭവിച്ചതെന്ന് ഇനിയും വ്യക്തതവരുത്താൻ കഴിഞ്ഞിട്ടില്ല.

# ജെൻസി വൈബ് പിടിക്കാൻ ഇനി ഇൻസ്റ്റാഗ്രാമിൽ സോണിയയും, അക്കൗണ്ട് തുറന്നു

ന്യൂഡൽഹി: കോൺഗ്രസ് പാർലമെൻററി പാർട്ടി അധ്യക്ഷ സോണിയ ഗാന്ധി ഇൻസ്റ്റാഗ്രാമിൽ അക്കൗണ്ട് തുറന്നു. തൻറെ വരാനിരിക്കുന്ന 'ബിലോംഗിംഗ്: എ ജേർണി ഓഫ് ലവ്'എന്ന ആത്മകഥയുടെ ആദ്യ ദൃശ്യം പങ്കുവെച്ചുകൊണ്ടാണ് 79-കാരിയായ കോൺഗ്രസ് നേതാവ് ഇൻസ്റ്റാഗ്രാമിൽ എത്തിയത്. തങ്ങളുടെ സുഹൃത്ത് മഞ്ജു ദുബെയുടെ സാന്നിധ്യത്തിലായിരുന്നു ആദ്യ പോസ്റ്റ്. സ്നേഹം, കടമ, നഷ്ടം, സ്വന്തം ഇടം കണ്ടെത്തൽ എന്നിങ്ങനെ തൻറെ ജീവിതത്തിലെ വിവിധ ഏടുകളാണ് സോണിയാ ഗാന്ധി തൻറെ പുസ്തകത്തിലൂടെ പങ്കുവെയ്ക്കുന്നത്.

നവംബർ 10-ന് ആൽഫ്രഡ് എ ക്നോപ്പ് ആണ് പുസ്തകം ലോകമെമ്പാടും പുറത്തിറക്കുന്നത്. ഇന്ത്യയിൽ ഹാർപ്പർ കോളിൻസ് ആണ് പ്രസാധകർ.

യുദ്ധാനന്തര ഇറ്റലിയിലെ ബാല്യകാലം, കേംബ്രിഡ്ജിൽ വെച്ചുള്ള രാജീവ് ഗാന്ധിയുമായുള്ള പ്രണയം, ഇന്ദിരാഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും കൊലപാതകങ്ങൾ ഉൾപ്പെടെയുള്ള വ്യക്തിജീവിതത്തിലെ നിർണായക സംഭവങ്ങൾ പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്. പുസ്തകത്തിലെ ഉള്ളടക്കവുമായി ബന്ധപ്പെട്ട് പെൻഗ്വിൻ റാൻഡം ഹൗസ് ഇന്ത്യയുമായുള്ള കരാർ റദ്ദായതും, തുടർന്ന് ഹാർപ്പർ കോളിൻസ് ഇന്ത്യൻ പതിപ്പ് പ്രസിദ്ധീകരിക്കാൻ തയ്യാറായതും വലിയ ചർച്ചയായിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ആർഎസ്എസ്, ചൈനീസ് കടന്നുകയറ്റങ്ങൾ എന്നിവയെക്കുറിച്ചുള്ള പരാമർശങ്ങൾ മാറ്റാൻ തയ്യാറാകാത്തതിനെ തുടർന്നായിരുന്നു കരാർ റദ്ദാക്കൽ.

പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി തുടങ്ങിയ പ്രമുഖ ഇന്ത്യൻ രാഷ്ട്രീയ നേതാക്കൾ ജനങ്ങളുമായി സംവദിക്കാൻ ഇൻസ്റ്റാഗ്രാം വ്യാപകമായി ഉപയോഗിച്ചു വരുന്നുണ്ട്. ഇതിൻറെ തുടർച്ചയായാണ് സോണിയ ഗാന്ധിയുടെയും ഈ പ്ലാറ്റ്ഫോമിലേക്കുള്ള പ്രവേശനം.

## ഉദ്ഘാടന ചടങ്ങിനിടെ വഴുതിവീണ് എം. എ. റസാഖ് മാസ്റ്റർ എംഎൽഎയ്ക്ക് പരിക്ക്

കോഴിക്കോട്: ഉദ്ഘാടന ചടങ്ങിനിടെ കാൽ വഴുതിവീണ് കുന്ദമംഗലം എംഎൽഎ എം. എ. റസാഖ് മാസ്റ്റർക്ക് പരിക്ക്. കാലിനാണ് പരിക്കേറ്റത്. ബുധനാഴ്ച വൈകുന്നേരമാണ് സംഭവം. പെരുവയലിൽ ഓഡിറ്റോറിയത്തിന്റെ ഉദ്ഘാടനത്തിനിടെ കാൽ വഴുതിവീഴുകയായിരുന്നു. കാലിന് പ്ലാസ്റ്റർ ഇട്ടു. കായിക മേളയുടെ സംഘാടക സമിതി ചെയർമാനാണ് റസാഖ് മാസ്റ്റർ. വാർത്താ സമ്മേളനത്തിന് പ്ലാസ്റ്ററിട്ട കാലുമായി വീൽ ചെയറിലാണ് എംഎൽഎ എത്തിയത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



മുഖ്യമന്ത്രി വി. ഡി. സതീശന്റെ അധ്യക്ഷതയിൽ ലോക്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ കേരളപുരസ്കാരങ്ങൾ സമ്മാനിക്കുന്നു

# കേരളപുരസ്കാരങ്ങൾ സമർപ്പിച്ചു

സംസ്ഥാനത്തിന്റെ പരമോന്നത പുരസ്കാരമായ കേരളപുരസ്കാരങ്ങൾ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സമർപ്പിച്ചു. മുഖ്യമന്ത്രി വി.ഡി. സതീശന്റെ അധ്യക്ഷതയിൽ ലോക്ഭവനിൽ നടന്ന ചടങ്ങിലായിരുന്നു പുരസ്കാര സമർപ്പണം.

ഡോ. എം.ആർ രാഘവ വാര്യർ (വിദ്യാഭ്യാസം) കേരള ജ്യോതി പുരസ്കാരവും പി.ബി അനീഷ് (കൃഷി), രാജശ്രീ വാര്യർ (കല) കേരള പ്രഭ പുരസ്കാരവും ഷഹൽ ഹസൻ മുസലിയാർ (വിദ്യാഭ്യാസം), എം.കെ വിമൽ ഗോവിന്ദ് (സ്റ്റാർട്ടപ്പ്), ജിലുമോൾ മാരിയറ്റ് തോമസ് (വിവിധ മേഖലകൾ), അഭിലാഷ് ടോമി (കായികം) കേരള ശ്രീ പുരസ്കാരവും ഏറ്റുവാങ്ങി.

ചീഫ് സെക്രട്ടറി ഇൻചാർജ് മിൻഹാജ് ആലം പുരസ്കാര ജേതാക്കളെ പരിചയപ്പെടുത്തി. നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മന്ത്രിമാരായ സണ്ണി ജോസഫ്, ബിന്ദു കൃഷ്ണ, എം ലിജു, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായി.

സമൂഹത്തിലെ വിവിധ മേഖലകളിലെ സമഗ്ര സംഭാവനകൾക്കാണ് സംസ്ഥാന സർക്കാർ കേരള പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

## ആയുഷ്മാൻ ഭാരത് – കാസ്പ് കാർഡ്: വ്യാജവാഗ്ദാനങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം : സ്റ്റേറ്റ് ഹെൽത്ത് ഏജൻസി

ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന-കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (എ.ബി. പി.എം.-ജെ.എ.വൈ-കാസ്പ്) കാർഡുകൾ പുതുക്കി നൽകാമെന്നോ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാമെന്നോ വ്യാജവാഗ്ദാനം ചെയ്ത് പണം ഈടാക്കുന്നവരാൽ ഗുണഭോക്താക്കൾ വഞ്ചിതരാകരുതെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി.

അക്ഷയ കേന്ദ്രങ്ങൾ, സി.എസ്.സി. (പൊതുസേവന കേന്ദ്രങ്ങൾ) ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കൊന്നും നിലവിൽ പദ്ധതിയുടെ കാർഡുകൾ പുതുതായി നൽകുന്നതിനോ നിലവിലുള്ള കാർഡുകൾ പുതുക്കുന്നതിനോ അപ്ഡേറ്റ് ചെയ്യുന്നതിനോ സർക്കാർ അനുമതി നൽകിയിട്ടില്ല.പദ്ധതിയുടെ അർഹരായ ഗുണഭോക്താക്കൾക്ക് ചികിത്സയ്ക്കായി പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളിൽ എത്തുമ്പോൾ അർഹതയും നിലവിലുള്ള മാർഗനിർദേശങ്ങളും അനുസരിച്ച് തികച്ചും സൗജന്യമായി കാർഡ് ലഭ്യമാക്കുന്നതിനും നിലവിലുള്ള കാർഡിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുമുള്ള സൗകര്യമുണ്ട്. അതിനാൽ, ഇത്തരം സേവനങ്ങൾക്കായി അനധികൃത കേന്ദ്രങ്ങളെ സമീപിച്ച് പണം നൽകേണ്ടതില്ല.പദ്ധതിയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ദിശയുടെ സൗജന്യ ഹെൽപ്ലൈൻ നമ്പറായ 1056-ൽ ബന്ധപ്പെടാം.

## ബെവ്കോ ഔട്ട്ലെറ്റിൽ നിന്നും പ്രീമിയം മദ്യക്കുപ്പികൾ കവർന്നു; പ്രതിക്കായി അന്വേഷണം

മൂവാറ്റുപുഴ: വെള്ളൂർക്കുന്നം വാഴപ്പിള്ളി കരയിൽ പ്രവർത്തിക്കുന്ന ബെവ്കോ ഔട്ട്ലെറ്റിൽ നിന്നും വിലകൂടിയ മദ്യക്കുപ്പികൾ കവർന്നു. ഒക്ടോബർ 20ന് വൈകിട്ട് 6.30നും 8.30നും ഇടയിലുള്ള സമയത്താണ് സംഭവം. മൂവാറ്റുപുഴ-പെരുമ്പാവൂർ എംസി റോഡിന് പടിഞ്ഞാറുവശം ആത്രശ്ശേരി ബിൽഡിംഗിൻറെ ഒന്നാമത്തെ നിലയിലാണ് ബെവ്കോ ഔട്ട്ലെറ്റ് പ്രവർത്തിക്കുന്നത്. ഇവിടുത്തെ സെൽഫ് പ്രീമിയം കൗണ്ടറിലെ ഡിസ്പ്ലേ റാക്കിൽ സൂക്ഷിച്ചിരുന്ന മദ്യക്കുപ്പികളാണ് അജ്ഞാതനായ മോഷ്ടാവ് കവർന്നത്. ആകെ 6,600 രൂപ വിലവരുന്ന അഞ്ച് പ്രീമിയം മദ്യക്കുപ്പികളാണ് മോഷണം പോയത്. 2,520 രൂപയുടെ രണ്ട് അമേസിംഗ് പ്രീമിയം ഗ്രെയിൻ വോഡ്ക, 1,700 രൂപയുടെ ബക്കാർഡി മാംഗോ ചില്ലി ഒറിജിനൽ റം, 1,200 രൂപയുടെ 750എംഎൽ ഓൾഡ് മങ്ക് വൈറ്റ് ക്ലാസിക് പ്രീമിയം റം, 1,020 രൂപയുടെ റോയൽ ആംസ് പ്രീമിയം വിഎസ്ഒപി ബ്രാൻഡി, 160 രൂപ വിലവരുന്ന കിംഗ്ഫിഷർ അൾട്രാ മാക്സ് പ്രീമിയം ബിയർ എന്നിവയാണ് മോഷണം പോയത്. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപറേഷൻ അസിസ്റ്റൻറും കോഴിപ്പിള്ളി സ്വദേശിയുമായ ജോബിൻ തോംസൺ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പൊലിസ് കേസ് എടുത്തിരിക്കുന്നത്. പരാതിയുടെ അടിസ്ഥാനത്തിൽ ബിഎൻഎസ് 305 (ഇ) പ്രകാരം മൂവാറ്റുപുഴ പൊലിസ് എഫ്ഐആർ രജിസ്റ്റർ ചെയ്തു.

മൂവാറ്റുപുഴ പൊലിസ് എസ്ഐ ജി. അനൂപിൻറെ നേതൃത്വത്തിലാണ് അന്വേഷണം നടക്കുന്നത്. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചത് പ്രതിയെ കണ്ടെത്താനുള്ള ശ്രമങ്ങൾ പൊലിസ് ഊർജിതമാക്കിയിട്ടുണ്ട്.

## 50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണം; ശ്രീനാദേവി കുഞ്ഞമ്മയ്ക്ക് കെ. പി. ഉദയഭാനുവിൻറെ വക്കീൽ നോട്ടീസ്

പത്തനംതിട്ട: ജില്ലാ പഞ്ചായത്ത് അംഗവും കോൺഗ്രസ് നേതാവുമായ ശ്രീനാദേവി കുഞ്ഞമ്മയ്ക്കെതിരെ സിപിഎം സംസ്ഥാന കമ്മിറ്റി അംഗം കെ. പി. ഉദയഭാനു മാനനഷ്ടത്തിന് വക്കീൽ നോട്ടീസ് അയച്ചു. ഫേസ്ബുക്കിലൂടെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്ന് ആരോപിച്ചാണ് നടപടി.

50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്നും നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഉദയഭാനു പഞ്ചായത്ത് പ്രസിഡൻറായിരുന്ന കാലത്ത് ഒരു വനിതാ ജീവനക്കാരിയുടെ വീട്ടിൽ സന്ദർശനം നടത്തിയെന്ന പരാമർശം ശ്രീനാദേവി കുഞ്ഞമ്മ ഫേസ്ബുക്കിൽ പങ്കുവെച്ചിരുന്നു. ഉദയഭാനു ഉപയോഗിക്കുന്ന വാഹനത്തെക്കുറിച്ചും പോസ്റ്റിൽ പരാമർശമുണ്ടായിരുന്നു.

ഈ പരാമർശങ്ങൾ അപകീർത്തികരമാണെന്നാണ് ഉദയഭാനുവിൻറെ ആരോപണം. ഇതിൻറെ അടിസ്ഥാനത്തിലാണ് ശ്രീനാദേവി കുഞ്ഞമ്മയ്ക്ക് വക്കീൽ നോട്ടീസ് അയച്ചത്.

## വാക് ഇൻ ഇന്റർവ്യു

പുരാവസ്തു വകുപ്പിന്റെ കീഴിൽ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ മ്യൂസിയങ്ങളിലും സ്മാരകങ്ങളിലും ദിവസവേതന അടിസ്ഥാനത്തിൽ വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. ഏഴാം ക്ലാസ്സ് പാസ്സായവരും 18 വയസ്സ് പൂർത്തിയായവരുമായ ഉദ്യോഗാർഥികൾ വെള്ളക്കടലാസിൽ അപേക്ഷ, യോഗ്യത, വയസ്സ്, ഐഡന്റിറ്റി തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഒക്ടോബർ 29 രാവിലെ 10ന് കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ അഭിമുഖത്തിന് ഹാജരാകണം. ഫോൺ: 0471-2577465.

## ഉപേക്ഷിക്കുന്നത് നന്ദികേടല്ല, ജീവിതം പഠിപ്പിച്ച പാഠം; ഒളിയമ്പുമായി പി. പി. ദിവ്യ

കണ്ണൂർ: സിപിഎമ്മിനെതിരെ ഒളിയമ്പുമായി മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി. പി. ദിവ്യ. ഫേയ്സ്ബുക്ക് കുറിപ്പുമായിട്ടാണ് ദിവ്യ രംഗത്തെത്തിയിരിക്കുന്നത്. ഒരിക്കൽ ശരിയെന്ന് തോന്നിയതെല്ലാം എക്കാലവും ശരിയാകണമെന്നില്ല എന്ന കുറിപ്പിലൂടെ രാഷ്ട്രീയ ജീവിതത്തിലെ നിലപാടുമാറ്റങ്ങളെക്കുറിച്ചുള്ള സൂചനകളാണ് ദിവ്യ നൽകുന്നത്. ഒരു കരയിൽനിന്ന് മറുകരയിലെത്താൻ സഹായിച്ചതിനെ ജീവിതകാലം മുഴുവൻ ചുമന്നുനടക്കേണ്ടതില്ല. അതിനെ ഉപേക്ഷിക്കുന്നത് നന്ദികേടല്ല. ജീവിതം പഠിപ്പിച്ച പാഠമാണെന്നും ബുദ്ധൻറെ കഥ പരാമർശിച്ചുകൊണ്ട് ദിവ്യ കുറിച്ചു. നീതി വൈകിയേക്കാം എന്നാൽ സത്യത്തിൻറെ ശബ്ദം ഒരിക്കലും മങ്ങില്ലെന്നും പോസ്റ്റിലുണ്ട്.

കണ്ണൂർ എഡിഎം ആയിരുന്ന കെ. നവീൻ ബാബുവു മരിച്ചതുമായി ബന്ധപ്പെട്ട വിവാദങ്ങൾക്കു പിന്നാലെയാണ് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സ്ഥാനത്തുനിന്ന് പി. പി. ദിവ്യ രാജിവച്ചത്. തുടർന്ന് സിപിഎം ദിവ്യയെ പാർട്ടിയിൽ തരംതാഴ്ത്തിയിരുന്നു. അടുത്തിടെ നടന്ന സിപിഎം കണ്ണൂർ വിശാല ജില്ലാ കമ്മിറ്റി യോഗത്തിലും ദിവ്യയ്ക്ക് കാര്യമായ പരിഗണന ലഭിച്ചിരുന്നില്ല. ഇതോടെയാണ് പാർട്ടിയിൽ നിന്ന് അകലുകയാണെന്ന് സൂചനയുള്ള പോസ്റ്റ് ഫേയ്സ്ബുക്കിൽ പങ്കുവച്ചത്. അതേസമയം സിപിഎം നേതാക്കൾ ഇതെക്കുറിച്ച് പ്രതികരിച്ചിട്ടില്ല.

## സിഎംആർഎൽ – എക്സാലോജിക് കേസ്: സുപ്രീം കോടതി ഉത്തരവ് ഹൈക്കോടതിയിൽ സമർപ്പിച്ച് പിണറായി വിജയൻ

കൊച്ചി: സിഎംആർഎൽ-എക്സാലോജിക് ഇടപാട് കേസിൽ വിജിലൻസ് അന്വേഷണത്തിന് ഇടക്കാല സ്റ്റേ അനുവദിച്ച സുപ്രീം കോടതി ഉത്തരവ് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ഹൈക്കോടതിയിൽ സമർപ്പിച്ചു. പിണറായി വിജയൻ ഉൾപ്പെടെയുള്ളവർ നൽകിയ അപ്പീൽ ശനിയാഴ്ച പരിഗണിച്ചേക്കും. കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ ഉത്തരവിട്ട സിംഗിൾ ബെഞ്ച് നടപടിക്കെതിരെ അപ്പീൽ നൽകാനാവില്ലെന്ന ഹൈക്കോടതിയുടെ നടപടിയും സുപ്രിംകോടതി റദ്ദ് ചെയ്തിരുന്നു. അതിനാൽ അപ്പീൽ ഉടൻ തന്നെ ഹൈക്കോടതി പരിഗണിക്കാനാണ് സാധ്യത. പിണറായി വിജയന് വേണ്ടി സുപ്രിം കോടതിയിലെ മുതിർന്ന അഭിഭാഷകൻ ഹാജരാകും. അതേസമയം, ജസ്റ്റീസുമാരായ ജോയ് മല്യ ബാഗ്ചി, വി. മോഹന എന്നിവരടങ്ങിയ അവധിക്കാല ബെഞ്ചാണ് വിജിലൻസ് അന്വേഷണം സ്റ്റേ ചെയ്തത്. വിജിലൻസ് അന്വേഷണത്തിന് താത്കാലിക സ്റ്റേ അനുവദിച്ചെങ്കിലും കേസിലെ എഫ്ഐആർ സുപ്രിംകോടതി റദ്ദാക്കിയിട്ടില്ല. എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റിൻറെ അന്വേഷണത്തിനും കോടതി വിലക്കേർപ്പെടുത്തിയിട്ടില്ല. അതിനാൽ നിയമനടപടികളുമായി മുന്നോട്ട് പോകാനാണ് ഇഡിയുടെ നീക്കം. വെള്ളിയാഴ്ചയാണ് കൊച്ചിയിലെ ഇഡി ഓഫീസിൽ ചോദ്യം ചെയ്യലിന് ഹാജാരാകാൻ ആവശ്യപ്പെട്ട് പിണറായി വിജയന് നോട്ടീസ് നൽകിയിരിക്കുന്നത്.

## നെടുമ്പാശേരി വാഹനാപകടം: സുഹൈൽ ബോസ്റ്റൽ സ്കൂളിൽ തുടരും, ജയിലിലേക്ക് മാറ്റണമെന്ന അപേക്ഷ തള്ളി

കൊച്ചി: നെടുമ്പാശേരി വാഹനാപകടക്കേസ് മുഖ്യ പ്രതി സുഹൈൽ സജീവ് ബോസ്റ്റൽ സ്കൂളിൽ തുടരും. പ്രതിക്ക് സുരക്ഷാ ഭീഷണിയുണ്ടെന്നും വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റണമെന്ന് കാണിച്ച് ബോസ്റ്റൽ സ്കൂൾ സൂപ്രണ്ട് സമർപ്പിച്ച അപേക്ഷയാണ് അങ്കമാലി മജിസ്ട്രേറ്റ് കോടതി തള്ളിയത്.

അമിതവേഗത്തിൽ കാറോടിച്ച് മൂന്ന് പേരുടെ മരണത്തിന് ഇടയാക്കിയ സംഭവത്തിന് പിന്നാലെ സുഹൈലിനെ ബോസ്റ്റൽ സ്കൂളിലേക്കാണ് അയച്ചത്. പ്രതിയുടെ ജീവന് ഭീഷണിയുണ്ടെന്നും സഹതടവുകാർ ആക്രമിക്കാൻ സാധ്യതയുണ്ടെന്നും കാണിച്ചായിരുന്നു സൂപ്രണ്ട് അങ്കമാലി കോടതിയെ സമീപിച്ചത്.

എന്നാൽ സുരക്ഷാ ഭീഷണിയുമായി ബന്ധപ്പെട്ട തെളിവുകൾ ഹാജരാക്കിയിട്ടില്ലെന്നും പ്രതി പോലും അത്തരം ആശങ്കകൾ പങ്കുവച്ചിട്ടില്ലെന്ന് കാണിച്ച് അപേക്ഷ തള്ളുകയായിരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ സുരക്ഷഭീഷണി ഉണ്ടാവുകയാണെങ്കിൽ വീണ്ടും ജയിൽ മാറ്റത്തിനുള്ള അപേക്ഷ നൽകാമെന്നും കോടതി വ്യക്തമാക്കി.

അതേസമയം, കേസിലെ നാലു പ്രതികളുടെയും ജാമ്യാപേക്ഷ നേരത്തേ അങ്കമാലി കോടതി തള്ളിയിരുന്നു. നേരത്തേ പ്രതിയെ ബോസ്റ്റൽ സ്കൂളിലേക്ക് മാറ്റിയത് വലിയ വിവാദമായിരുന്നു. എന്നാൽ മജിസ്ട്രേറ്റിന്റെ നിർദേശപ്രകാരമാണ് സുഹൈലിനെ ബോസ്റ്റൽ സ്കൂളിൽ താമസിപ്പിച്ചത്.

## ഇടിമിന്നലിൽ 11 കെവി ലൈൻ പൊട്ടി വീടുകൾക്ക് മുകളിലേക്ക് വീണു; വൻ ദുരന്തം ഒഴിവായി

കൊച്ചി: ഏലൂരിൽ ഇടിമിന്നലിനെ തുടർന്ന് 11 കെവി വൈദ്യുതി ലൈൻ പൊട്ടിവീണു. കണ്ടെയ്നർ റോഡിന് കുറുകെ വീടുകൾക്ക് മുകളിലേക്കാണ് വൈദ്യുതി ലൈൻ പതിച്ചത്. ഫാൽക്കൺ സെന്റൻസ് മുതൽ ലേബർ ക്വാർട്ടേഴ്സ് വരെയുള്ള ഭാഗത്തെ ലൈനാണ് പൊട്ടിവീണത്.പുലർച്ചെ 12.30 ഓടെയായിരുന്നു സംഭവം.

ഉടൻ തന്നെ കെഎസ്ഇബിയിലും ഏലൂർ പൊലിസ് സ്റ്റേഷനിലും വിവരം അറിയിച്ചു. തുടർന്ന് കളമശേരി സബ് സ്റ്റേഷനിൽ നിന്ന് ഉദ്യോഗസ്ഥരെത്തി പൊട്ടിവീണ ലൈൻ മുറിച്ചുമാറ്റി അറ്റകുറ്റപ്പണികൾ നടത്തി വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചു.

## നെടുമ്പാശേരി വാഹനാപകടം: സെഷൻസ് കോടതിയിൽ ജാമ്യാപേക്ഷ നൽകി പ്രതികൾ

കൊച്ചി: നെടുമ്പാശേരി വാഹനാപകടക്കേസിൽ പ്രതികൾ എറണാകുളം സെഷൻസ് കോടതിയിൽ ജാമ്യാപേക്ഷ നൽകി. അങ്കമാലി മജിസ്ട്രേറ്റ് കോടതി ജാമ്യാപേക്ഷ തള്ളിയതിന് പിന്നാലെയാണ് പ്രതികൾ സെഷൻസ് കോടതിയെ സമീപിച്ചിരിക്കുന്നത്.

ഓഗസ്റ്റ് 11ന് പുലർച്ചെയാണ് നെടുമ്പാശേരി എയർപോർട്ട് വിഐപി റോഡിൽ നാടിനെ നടുക്കിയ അപകടം നടന്നത്. മദ്യലഹരിയിൽ അമിതവേഗതയിലെത്തിയ മിനി കൂപ്പർ കാറിടിച്ച് ദക്ഷിണ കന്നഡ സുള്ളിയ സ്വദേശി ഇയ്യാസ് ഇബ്രാഹിം (21), കൽപ്പറ്റ സ്വദേശിനി ദേവിക (21), മണ്ണാർക്കാട് സ്വദേശിനി ഗോപിക (21) എന്നിവരാണ് മരിച്ചത്.

അതേസമയം, പ്രതി സുഹൈൽ കാക്കനാട് ബോസ്റ്റൽ സ്കൂളിൽ തന്നെ തുടരും.

പ്രതിക്ക് സുരക്ഷാ ഭീഷണിയുണ്ടെന്നും വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റണമെന്ന് കാണിച്ച് ബോസ്റ്റൽ സ്കൂൾ സൂപ്രണ്ട് സമർപ്പിച്ച അപേക്ഷയാണ് അങ്കമാലി മജിസ്ട്രേറ്റ് കോടതി തള്ളി. പ്രതിയുടെ ജീവന് ഭീഷണിയുണ്ടെന്നും സഹതടവുകാർ ആക്രമിക്കാൻ സാധ്യതയുണ്ടെന്നും കാണിച്ചായിരുന്നു സൂപ്രണ്ട് അങ്കമാലി കോടതിയെ സമീപിച്ചത്.

എന്നാൽ സുരക്ഷാ ഭീഷണിയുമായി ബന്ധപ്പെട്ട തെളിവുകൾ ഹാജരാക്കിയിട്ടില്ലെന്നും പ്രതി പോലും അത്തരം ആശങ്കകൾ പങ്കുവച്ചിട്ടില്ലെന്ന് കാണിച്ച് അപേക്ഷ തള്ളുകയായിരുന്നു. ഏതെങ്കിലും സാഹചര്യത്തിൽ സുരക്ഷഭീഷണി ഉണ്ടാവുകയാണെങ്കിൽ വീണ്ടും ജയിൽ മാറ്റത്തിനുള്ള അപേക്ഷ നൽകാമെന്നും കോടതി വ്യക്തമാക്കി.

## അൻവർ സാദത്ത് എംഎൽഎക്കെതിരെ വധഭീഷണി: പ്രതി അറസ്റ്റിൽ, പിടിയിലായത് സ്റ്റേഷനിൽ ഒപ്പിടാൻ എത്തിയപ്പോൾ

കൊച്ചി: അൻവർ സാദത്ത് എംഎൽഎക്കെതിരെ വധഭീഷണി മുഴക്കിയ കേസിൽ കവർച്ചാക്കേസ് പ്രതി നെടുമ്പാശേരി മേയ്ക്കാട് സ്വദേശി എം. ജെ. ജോബി പിടിയിൽ. ജാമ്യ വ്യവസ്ഥ പ്രകാരം ആലുവ പൊലിസ് സ്റ്റേഷനിൽ ഒപ്പിടാൻ എത്തിയപ്പോഴാണ് ജോബി അറസ്റ്റിലായത്. ഫേസ്ബുക്കിലൂടെ ഭീഷണി മുഴക്കിയ സംഭവത്തിൽ കേസ് എടുത്ത വിവരം ജോബി അറിഞ്ഞിരുന്നില്ല.

ആലുവ റെയിൽവേ സ്റ്റേഷനിലേക്ക് പോവുകയായിരുന്ന യാത്രക്കാരനെ ആക്രമിച്ച് കവർച്ച നടത്തിയ മൂന്നാം പ്രതിയാണ് എം. ജെ. ജോബി. കവർച്ച സംഘത്തിൽപെട്ട എല്ലാവരെയും നിയമത്തിന് മുന്നിലേക്ക് കൊണ്ടുവരുമെന്ന് എംഎൽഎ പ്രതികരണം നടത്തിയതിനെ തുടർന്നുണ്ടായ വൈരാഗ്യത്തിലാണ് ഫെയ്സ്ബുക്കിലൂടെ ഭീഷണി മുഴക്കിയത്.

സെപ്റ്റംബർ 13ന് കവർച്ചാക്കേസിൽ അറസ്റ്റിലായ ഇയാൾക്ക് ഒക്ടോബർ 17ന് ജാമ്യം ലഭിച്ചിരുന്നു. ജാമ്യത്തിലിറങ്ങിയതിന് പിന്നാലെയാണ് ഫേസ്ബുക്ക് ലൈവിലൂടെ ഭീഷണി മുഴക്കിയത്. ജാമ്യമില്ല വകുപ്പ് പ്രകാരമാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

## സൗദി അറേബ്യയിലെ കിംഗ് ഫഹദ് വിമാനത്താവളത്തിൽ ആക്രമണം: ഒരു ഇന്ത്യൻ പൗരൻ ഉൾപ്പെടെ രണ്ടുപേർ കൊല്ലപ്പെട്ടു

ന്യൂഡൽഹി: സൗദി അറേബ്യയിലെ ദമാമിലുള്ള കിംഗ് ഫഹദ് അന്താരാഷ്ട്ര വിമാനത്താവളത്തിന് നേരെ ഉണ്ടായ ആക്രമണത്തിൽ മരണസംഖ്യ രണ്ടായി. കൊല്ലപ്പെട്ടവരിൽ ഒരു ഇന്ത്യൻ പൗരനും ഉൾപെടുന്നുവെന്ന് രാജ്യത്തെ സിവിലിയൻ ഏവിയേഷൻ അഥോറിറ്റി സ്ഥിരീകരിച്ചു. ആക്രമണത്തിൽ എട്ട് പേർക്ക് പരിക്കേറ്റിട്ടുണ്ട്.

സൗദിയിലെ പ്രധാന വിമാനത്താവളങ്ങൾ ലക്ഷ്യമാക്കി മുൻകാലങ്ങളിലും ഹൂതികളുടെ ഭാഗത്തുനിന്ന് മിസൈൽ-പ്രൊജക്റ്റൈൽ ആക്രമണങ്ങൾ ഉണ്ടായിട്ടുള്ളതായി അധികൃതർ വ്യക്തമാക്കി.

സൗദി അറേബ്യയിലെ നിലവിലെ സുരക്ഷാ സാഹചര്യങ്ങൾ കണക്കിലെടുത്ത്, അത്യാവശ്യ ജീവനക്കാരല്ലാത്ത അമേരിക്കൻ ഉദ്യോഗസ്ഥരോട് രാജ്യത്ത് നിന്ന് മടങ്ങിപ്പോകാൻ യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് ഉത്തരവിട്ടിട്ടുണ്ട്. വിമാനത്താവളത്തിലുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് അധികൃതർ വിലയിരുത്തിവരികയാണ്.

## അഞ്ചുദിവസം മഴ കനക്കും; എല്ലാ ജില്ലകളിലും മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യത. വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച്, യെല്ലോ അലർട്ടുകൾ പ്രഖ്യാപിച്ചു. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഓറഞ്ച് അലർട്ടാണ്. വെള്ളിയാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ശനിയാഴ്ച പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും ഞായറാഴ്ച പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിയോടുകൂടിയ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്.

അതേസമയം, ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ യെല്ലോ അലർട്ടാണ്. വെള്ളിയാഴ്ച ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലും ശനിയാഴ്ച തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ഞായറാഴ്ച തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലും തിങ്കളാഴ്ച തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.